ദി ഡിഫെൻഡർ

Vol. No. 10 Issue No. 8 RNI Reg. No. 68089 / 97 Published From Perumbavoor 2007 APRIL 16 Price: Rs.100/- P.A.

# ഐ.പി.സിയിൽ കേസ്സ് പ്രളയം

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറപ്പെടുന്ന ഐ.പി.സി കേസ്സുകളുടെ പ്രളയത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കയാണ്. വിവിധ കോടതികളിലായി ഒട്ടേറെ കേസ്സുകൾ ഐ.പി.സി വാദിയോ പ്രതിയോ ആണ്.

ഐ.പി.സി പ്രസിഡന്റായ കെ.സി.ജോൺ, സഹോദരനും സ്റ്റേറ്റ് സെക്രട്ടറിയുമായ കെ.സി.തോമസ് എന്നിവർ പ്രതികളായി തിരുവല്ല മുൻസിഫ് കോടതിയിൽ 189/2007 നമ്പറായി ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന കേസ്സാണ് ഇവയിൽ ഏറ്റവും പുതിയത്. ഐ.പി.സി കുറ്റപ്പുഴ ബയൂല സഭയ്ക്കുവേണ്ടി സെക്രട്ടറിയായ കെ.ആർ ജയൻ, പ്രതിപുരുഷനായ ജോയി മാത്യു, പാസ്റ്ററായ കെ.കെ.ജോർജ് എന്നിവരാണ് കേസ്സ് കൊടുത്തിരിക്കുന്നത്. കേസ്സിലെ പ്രതികൾ വാദിയായ സഭയെ തകർക്കാൻ ശ്രമിക്കുന്നത് തടയണം എന്നതാണ് പ്രധാന ആവശ്യം.

കെ.സി.ജോൺ നെടുമ്പ്രം ഗോസ്പൽ സെന്ററിലും കെ.സി.തോമസ് പേരൂർക്കട ഐ.പി.സിയിലും നിരവധി വർഷങ്ങളായി തുടരുമ്പോൾ സാധാരണക്കാരായ പാസ്റ്റർമാരെ നിരന്തരം സ്ഥലം മാറ്റുന്നത് അന്യായമാണെന്നത്രേ വാദികൾ പറയുന്നത്. നിലവിലുള്ള സഭയിൽ നിന്നും രണ്ടു കിലോമീറ്റർ അകലെ മാത്രമേ പുതിയ സഭ ആരംഭിക്കാവൂ എന്ന് ഐ.പി.സിയിൽ ചട്ടമുണ്ടെങ്കിലും അത് ലംഘിച്ചുകൊണ്ട് കുറ്റപ്പുഴ സഭയുടെ സമീപത്ത് രണ്ട് പുതിയ ഐ.പി.സി സഭകൾ പ്രതികളുടെ ഒത്താശയോടെ അടുത്ത കാലത്ത് സ്ഥാപിക്കപ്പെട്ടു.

ഐ.പി.സിക്കുവേണ്ടി തിരുവല്ലയിൽ വാങ്ങിയ കൺവെൻഷൻ ഗ്രൗണ്ടിന് കൊടുക്കാനെന്ന വ്യാജേന കെ.സി.ജോൺ 10 ലക്ഷം രൂപ കൈപ്പറ്റിയെങ്കിലും രണ്ടരലക്ഷം രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ. ബാക്കി പണം കെ.സി.ജോൺ തട്ടിയെടുത്തു.





ഡിഫെൻഡറിൽ കെ.സി ജോൺ ഉൾപ്പെടെയുള്ള ഐ.പി.സി നേതാക്കൻമാരുടെ ദുർന്നടപ്പ് കഥകൾ വന്നിട്ടും സഭാനേതൃത്വം പ്രതികരിച്ചിട്ടില്ല. ഈ നേതാക്കൻമാർ കുറ്റവാളികളാണ് എന്നതിന്റെ തെളിവാണിത്. ഈ ദുഷ്പ്രവൃത്തികളെ കുറ്റപ്പുഴ സഭയുടെ പാസ്റ്റർ ചോദ്യം ചെയ്തതിന്റെ വിരോധംമൂലം കുറ്റപ്പുഴ സഭയേയും പാസ്റ്ററേയും തകർക്കാനാണ് ഐ.പി.സി നേതാക്കൻമാരുടെ ശ്രമം എന്നും കേസ്സിൽ പറയുന്നു. ഈ കേസ്സ് വല്ലവിധേനയും പിൻവലിപ്പിക്കാനുള്ള ശ്രമത്തിലാണ് ഐ.പി.സി നേതൃത്വം.

ഐ.പി.സി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമ്പെട്ടി സഭാശുശ്രൂഷകനായ ഏബ്രഹാം ഷാജി ഐ.പി.സിക്ക് എതിരെ കേസ്സ് കൊടുത്തിരുന്നു. ഇപ്രകാരം കേസ്സ് കൊടുത്തത് മഹാപാതകമായി കണ്ട് ഏബ്രഹാം ഷാജിയെ ടി.എസ്.ഏബ്രഹാം സഭയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. പക്ഷേ ഈ പുറത്താക്കലിനെതിരെ ഏബ്രഹാം ഷാജി കൊടുത്ത കേസ്സിന് ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധിയുണ്ടായി. ഈ വിധി പോലീസും മറ്റും മാനിക്കാതിരുന്നപ്പോൾ ഏബ്രഹാം ഷാജി ഹൈക്കോടതിയെ സമീപിക്കുകയും കീഴ്ക്കോടതിവിധി എല്ലാവരും മാനിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ ഈ കേസ്സിൽ ഐ.പി.സി പൂർണ്ണമായി പരാജയപ്പെടുകയും ഏബ്രഹാം ഷാജി വിജയിക്കുകയും ചെയ്തു. കഴിഞ്ഞ ചില ആഴ്ചകളായി പെരുമ്പെട്ടി സഭയിൽ ഏബ്രഹാം ഷാജിയുടെ നേതൃത്വത്തിൽ ആരാധനയും തിരുവത്താഴവും മറ്റും നടക്കുകയും ചെയ്യുന്നു.

ഏബ്രഹാം ഷാജിക്ക് അനുകൂലമായി ഉണ്ടായ വിധികൾ മറച്ചുവെച്ചുകൊണ്ട് പെരുമ്പെട്ടിയിലെ വിമത പാസ്റ്ററും സംഘവും ഹൈക്കോടതിയിൽ 6984 നമ്പരായി ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. താനാണ് പെരുമ്പെട്ടി സഭയുടെ പാസ്റ്ററെന്നും ഏബ്രഹാം ഷാജി സഭാഹാളും പാഴ്സനേജും വിട്ടുതരുന്നില്ലെന്നും ഒക്കെയാണ് പാസ്റ്റർ ജോൺ സ്ക്കറിയയുടെ വാദം. കേസ്സ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ഏബ്രഹാം ഷാജിക്കെതിരെ കെ.സി.ജോൺ കേസ്സ് കൊടുത്ത വിവരം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഏബ്രഹാം ഷാജി കേസ്സ് കൊടുത്താൽ അത് സഭയിൽ നിന്നും പുറത്താക്കാൻ തക്ക ഗൗരവമുള്ള കുറ്റം. ഏബ്രഹാം ഷാജിക്കെതിരെ കേസ്സ് കൊടുത്താൽ അത് പുണ്യപ്രവൃത്തി. ഐ.പി.സി എന്ന വെള്ളരിക്കാപ്പട്ടണത്തിൽ ഇതും ഇതിലധികവും നടക്കും.

ഐ.പി.സി നേതാക്കൻമാരായ ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ളവർക്കെതിരെ തൃശൂരിൽ മാനനഷ്ടക്കേസ്സ് നിലവിലുണ്ട്. ഈ കേസ്സ് പിൻവലിപ്പിക്കാൻ ശ്രമം നടക്കുന്നുമുണ്ട്. തന്നെ ഐ.പി.സിയിൽ നിന്നും പുറത്താക്കിയതിനെതിരെ കെ.പി.കുര്യൻ കൊടുത്ത കേസ്സ് വിധി പറയാൻ മാറ്റിയിരിക്കുന്നു.

ഇന്ത്യയിൽ നിരവധി പെന്തക്കോസ്ത് സംഘടനകളുണ്ടെങ്കിലും ഐ.പി.സിയിലുള്ളത്ര കള്ളൻമാർ മറ്റൊരു സംഘടനയിലുമില്ല. അതുകൊണ്ട് ഐ.പി.സിയിൽ അസംഖ്യം കേസ്സുകൾ ഉണ്ടാകുകയും ചെയ്യുന്നു.

ഏഴു വർഷം മുൻപ് ടി.എസ് ബാലനെതിരെ കേസ്സ് കൊടുക്കാൻ കെ.പി.കുര്യനേയും ഏബ്രഹാം ഷാജിയേയും ഐ.പി.സി നേതാക്കൻമാർ ചുമതലപ്പെടുത്തി. പക്ഷേ നേതാക്കൻമാർ വിതച്ചത് കൊയ്തു. ഇപ്പോഴും കൊയ്യുന്നു. കെ.പി.കുര്യനും ഏബ്രഹാം ഷാജിയും ഐ.പിസിക്ക് എതിരെ കേസ്സ് കൊടുത്തുകൊണ്ടിരിക്കുന്നു. കുട്ടിക്കുരങ്ങൻമാരേക്കൊണ്ട് ഐ.പി.സി നേതാക്കൻമാർ അന്ന് ചൂടുചോറ് വാരിച്ചു. പക്ഷേ ആ കുഞ്ഞിക്കൈകൾ ഇന്ന് ഐ.പിസിയുടെ പഴങ്കഞ്ഞിക്കലത്തിൽ അളിച്ചുവാരുന്നു. ഐ.പി.സിയുടെ തിരുമുറ്റത്തിരുന്ന് കാഷ്ഠിക്കുന്നു. ഗുണപാഠം: കൊടുത്താൽ കൊല്ലത്തു മാത്രമല്ല കുമ്പനാട്ടും കിട്ടും.

# രുദ്രാക്ഷാനന്ദൻ അമേരിക്കയിൽ



വിദേശത്തുള്ളവരെ വിഡ്ഢികളാക്കാൻ വളരെ എളുപ്പമാണെന്ന് മാത്യൂസ് കെ.ലൂക്കോസ് എന്ന രുദ്രാക്ഷാനന്ദന് നന്നായറിയാം. അതുകൊണ്ട് ഈ ചങ്ങാതി ഇപ്പോൾ അമേരിക്കൻ പര്യടനം നടത്തുകയാണ്. തന്റെ പത്രമാസികകൾക്ക് ലക്ഷക്കണക്കിന് കോപ്പികൾ പ്രചാരമുണ്ട് എന്ന് പ്രചരിപ്പിച്ച് പണം തട്ടുകയാണ്.

ഏതാനും ആയിരം കോപ്പികൾ മാത്രം പ്രചാരമുള്ള ക്രിസ്ത്യൻ ട്രിബ്യൂൺ, കേരള ട്രിബ്യൂൺ എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ പേരിലാണ് മാത്യൂസിന്റെ തട്ടിപ്പ്. പരസ്യം വകയിൽ ലക്ഷക്കണക്കിനു രൂപയാണ് ഇയാൾ തട്ടിയെടുക്കുന്നത്. പത്രത്തിന്റെ പ്രചാരത്തേക്കുറിച്ച് ഈ കള്ളൻ തട്ടിവിടുന്ന കണക്കുകൾ അന്ധമായി വിശ്വസിച്ച് അനേകർ ചതിക്കുഴിയിൽ വീണുകഴിഞ്ഞു.

പെന്തക്കോസ്തുകാരനാണ് താൻ എന്ന് ഇയാൾ അവകാശപ്പെടുന്നുണ്ടെങ്കിലും അടുത്ത കാലത്ത് ഗംഗയിൽ മുങ്ങി കാവിയുടുക്കുകയും രുദ്രാക്ഷം ധരിക്കുകയും ചെയ്തിരുന്നു. ഈ സംഭവം ഡിഫെൻഡറിലൂടെ ജനം അറിഞ്ഞതോടെ മാത്യൂസ് ബുദ്ധിമുട്ടിലായി. വ്യഭിചാരികളേയും കള്ളൻമാരേയും കള്ളപ്രവാചകൻമാരേയും ഒക്കെ പെന്തക്കോസ്തുകാർ സഹിക്കുമെങ്കിലും അന്യദൈവാരാധകരോട് ദയ കാട്ടാറില്ല. പ്രശ്നം ഇത്ര ഗൗരവമുള്ളതാണെന്ന് രുദ്രാക്ഷാനന്ദൻ കരുതിയുമില്ല. രുദ്രാക്ഷവും കാവിയും ഊരിവെച്ചിട്ട് മാത്യൂസ് ഒരു ഖത്തർ യാത്ര നടത്തിയപ്പോഴാണ് അരമനരഹസ്യം അങ്ങാടിയിൽ പാട്ടായകഥ അറിഞ്ഞത്. ബാലൻ വെറുതെ കള്ളം പറയുകയാണെന്നും മറ്റും പറഞ്ഞു നോക്കിയെങ്കിലും ഫലിച്ചില്ല.

രണ്ടു മാസം മുൻപ് മാത്യൂസ് ഒരു യു.എ.ഇ യാത്രയും നടത്തിയിരുന്നു. പക്ഷേ അതും വിജയിച്ചില്ല. യു.എ.ഇയിലെ ദൈവമക്കൾ ഡിഫെൻഡറിലൂടെ സത്യം അറിഞ്ഞിരുന്നതിനാൽ കാര്യമായി ഒന്നും കിട്ടിയില്ല. അമേരിക്കയിലുള്ളവർ ഡിഫെൻഡർ വായിക്കാൻ ഇടയില്ല എന്ന ധാരണയിലാണ് ഇപ്പോൾ അവിടെ എത്തിയിരിക്കുന്നത്. പക്ഷേ ഡിഫെൻഡറിന് അമേരിക്കയിലും സ്വീകാര്യത ഉണ്ടെന്ന് ഇപ്പോൾ അറിയുന്നുണ്ടാകാം.

# കെ.ഒ.തോമസ് ദുർന്നടപ്പുകാരൻ?

അറിയപ്പെടുന്ന പ്രസംഗകനും ബൈബിൾ കോളേജ് അദ്ധ്യാപകനും മറ്റുമായ കെ.ഒ.തോമസ് (പീച്ചി മാസ്റ്ററുടെ സഹോദരൻ) വ്യാജ പി.എച്ച്.ഡിക്കാരൻ മാത്രമല്ല ഒന്നാംതരം വ്യഭിചാരിയുമാണെന്ന് തൃശൂർ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

യെശയ്യാപ്രവചനത്തിന് വ്യാഖ്യാനം എഴുതാനെന്ന വ്യാജേന ഇയാൾ ഒരു വീട്ടിൽ ചെല്ലുകയും ആ വീട്ടിലെ സ്ത്രീയുമായി അവിഹിതബന്ധം സ്ഥാപിക്കയും ചെയ്തത്രേ. ഈ സംഭവം പുറത്തായതോടെ ഇയാൾക്കെതിരെ സഭ നടപടിയെടുത്തു. എങ്കിലും കുറ്റം പറഞ്ഞ് ഇയാൾ തടിതപ്പി. പക്ഷേ ഏറെ താമസിയാതെ ഇയാൾ മറ്റൊരു ദുർന്നടപ്പ് കേസ്സിൽ വീണ്ടും പിടിക്കപ്പെട്ടു. അതോടെ സെന്റർ പാസ്റ്റർ സ്ഥാനം നഷ്ടമായി. പക്ഷേ ഈ സംഭവം ഒന്നും അറിയാത്തവരുടെ ഇടയിൽ ഇയാൾ വിശുദ്ധനും വചനപണ്ഡിതനും മറ്റുമായി വിലസുകയാണ്. തിരുവനന്തപുരം ഭാഗത്തും വടക്കേ ഇന്ത്യയിലും മറ്റും ഇയാൾ ഇപ്പോഴും വേലയിറക്കിക്കൊണ്ടിരിക്കുന്നു. അടുത്ത കാലത്ത് ഗൾഫിലും എത്തിയിരുന്നു. അവിടെവെച്ചാണ് ഇയാൾ പി.എച്ച്.ഡിക്കാരനായത്. തിരുവല്ലയിലുള്ള ഒരു ബുക്ക് സ്റ്റാളിൽ വെച്ച് ഇയാൾ സെയിൽസ് ഗേളിനെ കയറിപ്പിടിച്ച സംഭവം അധികം ആരും അറിഞ്ഞിട്ടില്ല.

കഷ്ടിച്ചൊരു പത്താം ക്ലാസ്സ് മാത്രമാണ് കെ.ഒ.തോമസിന്റെ ശരിക്കുള്ള വിദ്യാഭ്യാസം. പക്ഷേ കുറെ ഇംഗ്ലീഷ് വാക്കുകളും ഗ്രീക്ക് വാക്കുകളും ഒക്കെ പറഞ്ഞ് പണ്ഡിതൻ ചമഞ്ഞു നടക്കുകയായിരുന്നു. ഇപ്പോൾ ചുമ്മാ പി.എച്ച്.ഡിയും ആയി.

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിയിരിക്കുന്ന എം.പി.3 സി.ഡികൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നതാണ്. ഡി.വി.ഡി പ്ലെയർ ഉള്ളവർക്ക് ഈ സി.ഡികൾ ഉപയോഗിക്കാൻ കഴിയും. വിലയിൽ മാറ്റമില്ല. ഡി.വി.ഡി ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ എട്ടാം പേജിൽ.

ദി ഡിഫെൻഡർ
**Vol. No.10 Issue No. 8 2007 April 16**

# ഇത് കള്ളൻമാരുടെ കൊയ്ത്തുകാലം

കൺവെൻഷൻ സീസൺ പെന്തക്കോസ്തിലെ കള്ളൻമാരുടെ കൊയ്ത്തുകാലമാണ്. സാമാന്യ ബുദ്ധിയുള്ള ഏതു കള്ളനും നല്ലൊരു തുക സമ്പാദിക്കാം.

നവംബർ മുതൽ മെയ് വരെയുള്ള ആറു മാസക്കാലത്താണ് കേരളത്തിൽ കൺവെൻഷനുകൾ നടക്കുന്നത്. ലോക്കൽ സഭകളുടെ കൺവെൻഷൻ മുതൽ ജനറൽ കൺവെൻഷൻ വരെയുള്ള വിവിധതരം കൺവെൻഷനുകളുണ്ട്. ഇവ കൂടാതെ ക്രൂസേഡുകൾ വേറെയും. ഇവയിലെല്ലാം പ്രസംഗിക്കാൻ കുറച്ചധികം പ്രസംഗകരെ വേണം. പക്ഷേ കേരളത്തിൽ കൺവെൻഷൻ പ്രസംഗകർക്ക് ക്ഷാമമാണ്. അതുകൊണ്ട് എന്തെങ്കിലുമൊക്കെ പറയാൻ അറിയാവുന്ന ഏവർക്കും ഡിമാന്റാണ്.

സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികൾക്ക് സ്റ്റേജ് കിട്ടാൻ ബുദ്ധിമുട്ടില്ല. ഇവരെ പ്രീതിപ്പെടുത്താതെ പാവപ്പെട്ട പാസ്റ്റർമാർക്ക് നിലനിൽപ്പില്ല എന്നതുതന്നെ കാരണം. മറ്റ് പ്രസംഗകരിൽ രോഗശാന്തിക്കാർക്കാണ് ഏറ്റവും ഡിമാന്റ്. രോഗശാന്തിക്കാരെന്ന് പേരേയുള്ളൂ, യഥാർത്ഥത്തിൽ രോഗശാന്തി ഉണ്ടാകുന്നില്ല. എങ്കിലും അത്യുഗ്രൻ രോഗശാന്തി ഉണ്ടായി എന്ന് ജനത്തിന് തോന്നുന്ന വിധത്തിൽ കാര്യങ്ങൾ അവതരിപ്പിക്കും.

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർക്ക് എവിടേയും സ്വീകരണം ലഭിക്കുന്നു. വിശേഷിച്ച് ഒരു സമൃദ്ധിയും ഉണ്ടായില്ലെങ്കിലും ഇതാ വരുന്നൂ അനുഗ്രഹം എന്ന് കേൾക്കുന്നത് സുഖമുള്ള കാര്യമാണല്ലോ. അനുഗ്രഹവും ശാപവും പ്രസംഗിക്കുന്നത് തൊഴിലാക്കിയവരും ശാപം പൊട്ടിക്കാൻ വിശേഷ കൃപ ലഭിച്ചവരും ഒക്കെ ഈ കൂട്ടത്തിലുണ്ട്. മാറാരോഗം, നിത്യദാരിദ്ര്യം, അപകടങ്ങൾ, വന്ധ്യത തുടങ്ങിയതൊക്കെയാണ് ശാപത്തിന്റെ ലക്ഷണം. ശാപം പൊട്ടിക്കഴിഞ്ഞാൽ മാറാരോഗം മാറും. സാമ്പത്തിക ഉയർച്ച ഉണ്ടാകും. അപകടങ്ങൾ ഉണ്ടാകുകയില്ല. വന്ധ്യകൾ പ്രസവിക്കും. അങ്ങനെ ഈ ലോകത്തിൽ സുഖമായി ജീവിക്കാനുള്ള എല്ലാ വഴികളും തുറക്കും. ഇത്രയുമൊക്കെ അനുഗ്രഹങ്ങൾ ഉണ്ടാകുന്നത് മോശം കാര്യമാണെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല.

ഉണർവ്വിന്റേയും രോഗശാന്തിയുടേയും സമൃദ്ധിയുടേയും പേരിൽ ജനവഞ്ചന നടത്തുന്ന കള്ളൻമാർക്ക് പണം വാരിക്കൊടുക്കാൻ വിശ്വാസികൾ തയ്യാറാണ്. അങ്ങനെ സമൃദ്ധി പ്രസംഗിക്കുന്നവർക്ക് സമൃദ്ധി ഉണ്ടാകുന്നു. പ്രസംഗം കേൾക്കുന്നവർ കൂടുതൽ ദരിദ്രരാകുന്നു. സത്യസുവിശേഷം കേൾക്കാൻ ആളില്ലാതാകുന്നു. വ്യാജസുവിശേഷം ജനഹൃദയങ്ങൾ കീഴടക്കുന്നു. സാത്താൻ വിജയിക്കുന്നു.

# സത്യം സത്യമായി

ലീഡറുടെ മൂന്നാം മുന്നണിയേക്കുറിച്ച് ഇപ്പോൾ ഒന്നും കേൾക്കുന്നില്ല. പരിപാടി നടക്കില്ല എന്ന് ലീഡർക്കുതന്നെ മനസ്സിലായെന്നു തോന്നുന്നു. ഏതാനും ആഴ്ച മുൻപ് ലീഡർ ഡൽഹിക്ക് പറന്നപ്പോൾ മാദ്ധ്യമങ്ങൾ എന്തൊക്കെ കോലാഹലങ്ങളാണ് ഉണ്ടാക്കിയത്. ഇന്ത്യയെ ഇളക്കി മറിക്കുന്ന തീരുമാനങ്ങൾ ഉണ്ടാകും എന്ന രീതിയിലായിരുന്നു പ്രചരണം. തുല്യ ദു:ഖിതരായ കുറെ മൃതദേഹങ്ങളെ കണ്ട് കൊച്ചുവർത്തമാനം പറഞ്ഞു എന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ ലീഡർക്ക് കഴിഞ്ഞില്ല. കുറെ കോലാഹലം ഉണ്ടാക്കി എങ്ങനെയെങ്കിലും കോൺഗ്രസ്സിൽ തിരിച്ചു കയറാമെന്ന മോഹവും പൂവണിഞ്ഞില്ല. വേണ്ടപ്പെട്ടവർ വിളിച്ചാൽ തിരിച്ചു പോകും എന്ന് പറഞ്ഞു നോക്കിയിട്ടും വേണ്ടപ്പെട്ടവർ പ്രതികരിച്ചില്ല. മോരില്ലേൽ ശകലം ഉണ്ടേക്കാം എന്നുവരെ പറഞ്ഞു നോക്കിയിട്ടും ഫലിക്കുന്നില്ലെങ്കിൽ ''മുന്തിരിങ്ങ പുളിക്കും'' എന്നു പറയുകയല്ലേ പോംവഴിയുള്ളൂ. കോൺഗ്രസ്സ് വിട്ട് സ്വന്തം പാർട്ടി ഉണ്ടാക്കിയപ്പോൾ പ്രശ്നം ഇത്ര ഗുരുതരമാകുമെന്ന് കരുതിയിരുന്നില്ല. ഇനി പറഞ്ഞിട്ട് കാര്യമില്ലല്ലോ. ഉടനെയൊന്നും തെരഞ്ഞെടുപ്പ് ഉണ്ടാകില്ല എന്നതു മാത്രമാണ് ഏക ആശ്വാസം. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിലെ ഫലം മറക്കാറായിട്ടില്ലല്ലോ.

സ്മാർട്ട് സിറ്റി എന്ന സ്വപ്നം ഒടുവിൽ പൂവണിയുന്ന ലക്ഷണം കാണുന്നു. യു.ഡി.ഫ് സർക്കാർ ഉണ്ടാക്കിയതിലും നല്ല വ്യവസ്ഥകളോടെ കരാർ ഉണ്ടാക്കാൻ കഴിയുന്നു എന്നത് എൽ.ഡി.എഫിന് നേട്ടം തന്നെ. പ്രതിപക്ഷത്തിന് കോലാഹലം ഉണ്ടാക്കാൻ കഴിയുന്നുമില്ല. നിലപാടിൽ ഉറച്ചുനിന്ന് സംസ്ഥാനത്തിന് നേട്ടമുണ്ടാക്കാൻ എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞത് ചെറിയ കാര്യമല്ല.

ഇടതുപക്ഷം ഭരിക്കുന്ന നാട്ടിൽ കോടതികൾക്കും രക്ഷയില്ല എന്ന സ്ഥിതിയായിരിക്കുന്നു. പണ്ടൊക്കെ കോടതിയെന്നു കേൾക്കുന്നതുതന്നെ ഭയമായിരുന്നു. കോർട്ട് അലക്ഷ്യത്തിന്റെ കാര്യം പറയുകയും വേണ്ട. പക്ഷേ ഇപ്പോൾ സ്ഥിതി ആകെ മാറിയിരിക്കുന്നു. ആർക്കും കൊട്ടാവുന്ന ചെണ്ടയായി കോടതികൾ മാറിക്കഴിഞ്ഞു. ഭരണഘടന കാത്ത് സൂക്ഷിക്കും എന്ന് പ്രതിജ്ഞയെടുത്ത മന്ത്രിമാർ വരെ ഭരണഘടനാനുസൃതം സ്ഥാപിക്കപ്പെട്ട കോടതികളെ ഹീനമായ ഭാഷയിൽ വിമർശിക്കുന്നു. തങ്ങൾക്ക് അനുകൂലമായ വിധിയുണ്ടാകുമ്പോൾ കോടതിയെ അഭിനന്ദിക്കുകയും തങ്ങൾക്ക് എതിരായി വിധി വരുമ്പോൾ അവഹേളിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇന്ന് കണ്ടുവരുന്നത്. ജനപ്രതിനിധികളിലും സർക്കാരിലും ജനങ്ങൾക്ക് വിശ്വാസമില്ലാതായിട്ട് കാലം കുറെയായി. കോടതികളിൽക്കൂടി ജനങ്ങൾക്ക് വിശ്വാസം ഇല്ലാതായാൽ തികഞ്ഞ അരാജകത്വമാകും ഫലം.

കോടതികൾ വിമർശനത്തിന് അതീതമാണെന്നോ എല്ലാ ന്യായാധിപൻമാരും പുണ്യപുരുഷൻമാരാണെന്നോ ഈ പറഞ്ഞതിന് അർത്ഥമില്ല. മനുഷ്യസഹജമായ വീഴ്ചകൾ കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടാകും. തികച്ചും അന്യായമായ വിധികളും ഉണ്ടാകും. ഇത്തരം വിധികളെ ഒരു അളവുവരെ വിമർശിക്കയും ചെയ്യാം. പക്ഷേ കോടതികളുടെ അന്തസ്സും വിശ്വാസ്യതയും ഇടിച്ചുതാഴ്ത്തുന്ന വിധത്തിലുള്ള വിമർശനങ്ങൾ ഗുണത്തേക്കാളേറെ ദോഷമാകും ചെയ്യുക. കോടതിവിധികളെ മേൽക്കോടതിയിൽ ചോദ്യം ചെയ്യുകയാണ് ചെയ്യേണ്ടത്. കീഴ്ക്കോടതിയുടെ വിധികൾ നീതിക്കു നിരക്കുന്നതല്ലെങ്കിൽ മേൽക്കോടതി അത്തരം വിധികൾ റദ്ദു ചെയ്യുകയാണ് പതിവ്.

വിമർശനവിധേയരാകുന്നവർക്ക് മറുപടി പറയാനുള്ള സ്വാതന്ത്ര്യം ഈ രാജ്യത്തുണ്ട്. പക്ഷേ ന്യായാധിപൻമാർക്ക് ഇങ്ങനെ ചെയ്യാൻ കഴിയുന്നില്ല. തങ്ങൾക്കെതിരെ വിമർശനം ഉണ്ടാകുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ ന്യായാധിപന് വേദിയില്ല. പത്രസമ്മേളനം നടത്തുകയോ പ്രസ്താവന പുറപ്പെടുവിക്കുകയോ ചെയ്യാനാവില്ല. മിണ്ടാപ്രാണികളെ പീഡിപ്പിക്കുന്നതിനു തുല്യമാണ് ന്യായാധിപൻമാരെ വിമർശിക്കുന്നത് എന്ന് ചുരുക്കം. രാഷ്ട്രീയക്കാരേപ്പോലെ ന്യായാധിപൻമാരും പ്രതികരിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി.

മറ്റൊരു എൻട്രൻസ് പരീക്ഷ പടിവാതിൽക്കൽ എത്തി നിൽക്കുകയാണ്. പതിവ് കോലാഹലങ്ങളും ആരംഭിച്ചു കഴിഞ്ഞു. പരമാവധി ഉയർന്ന ഫീസ് വാങ്ങാൻ മാനേജ്മെന്റുകൾ ലക്ഷ്യമിടുന്നു. എന്നാൽ സർക്കാരും വിദ്യാർത്ഥി സംഘടനകളും ഇതിന് തടസ്സം നിൽക്കുന്നു. അങ്ങനെ കാര്യങ്ങൾ ചൂടുപിടിച്ച് വരുകയാണ്. വിവാദ നാടകം പൂർവ്വാധികം ഭംഗിയായി ഇക്കൊല്ലവും അരങ്ങേറും എന്ന് ഉറപ്പിക്കാം. അനുബന്ധ സമരങ്ങളും ലാത്തിച്ചാർജും ഹർത്താലും ഒക്കെ ഉണ്ടാകും. എല്ലാം കഴിഞ്ഞ് ക്ലാസ്സ് തുടങ്ങുമ്പോൾ 2007 വിട പറഞ്ഞിരിക്കും. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്നാണാവോ ഉണ്ടാകുക.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# ജോയി പി. ഉമ്മൻ സൂക്ഷിച്ചാൽ നന്ന്

നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്ന് അറിഞ്ഞാൽ മതി എന്ന പഴഞ്ചൊല്ല് ജോയി പി. ഉമ്മന്റെ കാര്യത്തിലും ശരിയാണ്. ഇദ്ദേഹം ഏതു തരക്കാരനാണെന്ന് അറിയാൻ ഇദ്ദേഹത്തിന്റെ സ്നേഹിതർ ആരൊക്കെ എന്ന് അറിഞ്ഞാൽ മതി.

അമേരിക്കയിലെ സ്വതന്ത്ര സഭകളുടെ വകയായി ഒരു ജനറൽ കൺവെൻഷൻ നടക്കാൻ പോകുകയാണ്. ജോയി പി. ഉമ്മനാണ് തലപ്പത്ത്. കൺവെൻഷന് പ്രസംഗിക്കാൻ ഒരു ആളുവേണം. ആരെ വിളിക്കണം? ആ കാര്യത്തിൽ ജോയി പി. ഉമ്മന് സംശയമില്ല. സാക്ഷാൽ കെ.സി.ജോണിനെ വിളിക്കാം. അമേരിക്കക്കാർക്ക് എന്തുകൊണ്ടും യോജിക്കുന്ന ആളാണ് കെ.സി.ജോൺ.

ഐ.പി.സി സഭകൾ കെ.സി.ജോണിനെ പ്രസംഗിക്കാൻ വിളിക്കുന്നത് മനസ്സിലാക്കാം. അയാൾ ഐ.പി.സിയുടെ പ്രസിഡന്റാണല്ലോ. പ്രസിഡന്റിനെ മണിയടിക്കേണ്ടത് ആവശ്യവുമാണ്. എന്നാൽ സ്വതന്ത്ര സഭകളുടെ കൺവെൻഷന് കെ.സി.ജോണിനെ വിളിക്കുന്നതെന്തിന്? സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച ഈ നീചൻ സ്വതന്ത്ര സഭകൾക്ക് സ്വീകാര്യനായതെങ്ങനെ?

അതിന്റെ കാരണം തേടിപ്പോകുമ്പോഴാണ് ജോയി പി. ഉമ്മന്റെ കളികൾ അറിയുന്നത്. രണ്ടുപേരുടേയും തൊഴിൽ ഒന്നാണ്. അതുകൊണ്ട് സ്വാഭാവികമായും സഹകരണം ഉണ്ടാകും. (ആ കഥ പിന്നാലെ പറയാം). കെ.സി.ജോണിനെ മണിയടിച്ച് ജോയി പി. ഉമ്മന് പലതും നേടാനുണ്ട്. സ്വതന്ത്ര സഭകളുടെ ചെലവിൽ മണിയടി നടത്താം. പരമാവധി നേട്ടമുണ്ടാക്കാം. ഇതാണ് പദ്ധതി.

ഏതായാലും ജോയി പി. ഉമ്മൻ അല്പം സൂക്ഷിക്കുന്നത് നല്ലതാണ്. കെ.സി.ജോണിനെ മണിയടിക്കുന്നത് നല്ലതിനല്ല. അരമന രഹസ്യങ്ങൾ അങ്ങാടിപ്പാട്ടാക്കാൻ ഡിഫെൻഡറിന് ഏറെ ബുദ്ധിമുട്ടേണ്ടതായി വരില്ല. പിന്നെ തലയിൽ മുണ്ടിട്ടേ നടക്കാൻ കഴിയൂ.

# ചവർ ഇപ്പോഴും മേല്പടി

നവംബർ ഒന്നിന് അപ്രത്യക്ഷമായ ചവർ ചാനൽ രണ്ടാഴ്ച മുൻപ് പെരുമ്പാവൂരിൽ വീണ്ടും പ്രത്യക്ഷമായി. അതുകൊണ്ട് വീണ്ടും ചവർ കാണാനും കഴിഞ്ഞു. അത്ഭുതം: ചങ്ങാതിക്ക് ഒരു മാറ്റവുമില്ല. എല്ലാം പഴയപടി.

ചാനൽ തുടങ്ങിയ ദിവസം മുതൽ കാണുന്ന അതേ ആൽബങ്ങൾ ഇപ്പോഴുമുണ്ട്. അത് നൂറുവട്ടം കാണിക്കും. മാരാമൺ കൺവെൻഷനും പൂവത്തൂർ കൺവെൻഷനും നാഴികയ്ക്ക് നാല്പതുവട്ടം കാണാം. കെ.സി.ജോണിന്റെ സൊറയാണ് മറ്റൊരു പരിപാടി. സൂര്യന് കീഴിലുള്ള സകല കാര്യങ്ങളേക്കുറിച്ചും കെ.സി.ജോൺ സൊറ പറയും. വർഗീസ് മത്തായിയുടെ കൊച്ചുവർത്തമാനവും പഴയപടി തുടരുന്നു. തങ്കു, ദേവസ്യ മുല്ലക്കര തുടങ്ങിയവരുടെ പരിപാടികൾ പഴയതുപോലെ തുടരുന്നു. സത്യ സുവിശേഷം മാത്രം കേൾക്കാനില്ല.

# ഇപ്പോൾ ആഭരണ പരസ്യവും

ചവർ ചാനലിൽ ഇപ്പോൾ ആലുക്കാസിന്റെ പരസ്യവും പ്രത്യക്ഷപ്പെടുന്നു. ആഭരണമിട്ട മോഡലുകൾ ആലുക്കാസ് സ്വർണ്ണത്തിന്റെ മഹത്വം വിളിച്ചോതുന്നു. ഇനി പെന്തക്കോസ്തുകാർക്ക്, കുറഞ്ഞപക്ഷം ഐ.പി.സിക്കാർക്കെങ്കിലും, ആഭരണം അണിയാം.

ആഭരണം ഇടുന്നത് ശരിയോ തെറ്റോ എന്നത് ഒരു തർക്കവിഷയമാണ്. എന്നാൽ ഐ.പി.സിയിൽ ആഭരണം നിഷിധം തന്നെ. ആഭരണം ഇട്ടാൽ ഐ.പി.സിയിൽ നിന്ന് പുറത്താക്കും. പക്ഷേ ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോണിന്റെ ചാനലിൽ ആഭരണ പരസ്യത്തിന് വിലക്കില്ല. പണം കിട്ടിയാൽ ആഭരണ പരസ്യം കൊടുക്കും എന്നതാണ് നിലപാട്. ഇത് പെന്തക്കോസ്ത് ചാനലല്ല ക്രൈസ്തവ ചാനലാണ് എന്ന് വിശദീകരിക്കയും ചെയ്യും. ക്രൈസ്തവർക്ക് ആഭരണം ഉപയോഗിക്കാം. പെന്തക്കോസ്തുകാർക്ക് പറ്റില്ല. അതുകൊണ്ട് ആഭരണം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവർ ക്രൈസ്തവരാകുക. (ആലുക്കാസിൽ നിന്ന് വാങ്ങിയ ആഭരണവുമിട്ട് ഒരു ഐ.പി.സി വിശ്വാസി സഭയിലെത്തിയാൽ പാസ്റ്റർമാർ കുഴയും. ഐ.പി.സി പ്രസിഡന്റിന്റെ ചാനലിൽ കണ്ട പരസ്യം അനുസരിച്ച് ആഭരണം വാങ്ങി ധരിച്ചത് തെറ്റാണെന്ന് പറയുന്നതെങ്ങനെ?)

# സംഗീതക്കാർ വിളയാടുന്നു

മൂന്നു പതിറ്റാണ്ടു മുൻപുവരെ പെന്തക്കോസ്ത് കൺവെൻഷനുകളിൽ സാധാരണക്കാരായ വിശ്വാസികൾ തമ്പേറടിച്ച് പാട്ടുപാടുന്ന രീതിയാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഗായകസംഘമില്ലാതെ കൺവെൻഷനില്ല എന്നതാണ് സ്ഥിതി. അത് അത്ര വലിയ തെറ്റാണെന്ന് പറയാനുമാവില്ല. പക്ഷേ കൺവെൻഷനില്ലെങ്കിലും പാട്ടാകാം എന്ന സ്ഥിതിയിലേക്ക് ഇപ്പോൾ മാറുകയാണ്.

പിച്ചും പേയും പാടുന്ന ഒരു കൂട്ടർ പാടാൻ വരുമെന്ന് ഘോഷിച്ചിരുന്നെങ്കിലും അവസാന നിമിഷം പ്രോഗ്രാം റദ്ദാക്കി. അതു കഴിഞ്ഞ് ചുവന്ന മഴപെയ്യിക്കുന്ന സംഘത്തിന്റെ വരവായി. ഇപ്പോഴിതാ സൗണ്ട് ഓഫ് നേഷൻസും എത്തുന്നു. യുവജനങ്ങളെ സംഗീതത്തിലൂടെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണത്രെ ലക്ഷ്യം. സുവിശേഷത്തിന് ശക്തിയില്ലാതായിരിക്കുന്നു. ഇനി സുവിശേഷം പ്രസംഗിച്ചതുകൊണ്ട് യുവജനങ്ങളെ നേടാനാകില്ല. അതുകൊണ്ട് സംഗീതം തന്നെ ശരണം. എന്തുതരം സംഗീതം വേണം? യുവജനങ്ങൾക്ക് ഇഷ്ടപ്പെട്ട സംഗീതം വേണം. അങ്ങനെയാണ് ക്രിസ്ത്യൻ റോക്ക് ഉണ്ടായത്. അത് കേരളത്തിലും പ്രചരിക്കുന്നു.

# പേരു വിളിക്കൽ: പോട്ട സ്റ്റൈൽ

പേരു വിളിക്കൽ ശുശ്രൂഷയേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയ കുറിപ്പ് വായിച്ച ഒരു ദൈവദാസൻ പോട്ടയിൽ പേരു വിളിക്കൽ നടത്തുന്നത് എങ്ങനെ എന്ന് അറിയിക്കയുണ്ടായി. അത് ഇപ്രകാരമാണ്:

ധ്യാനത്തിൽ പങ്കെടുക്കുന്നവരെല്ലാം പേരും വിലാസവും എഴുതിക്കൊടുത്ത് രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് പേരും വിലാസവും ഫോൺ നമ്പറും മറ്റും അറിയാൻ ബുദ്ധിമുട്ടില്ല. എന്നാൽ കൂടുതൽ വിശദമായ വിവരങ്ങൾ അറിയാനും പോട്ട/മുരിങ്ങൂർ ധ്യാന കേന്ദ്രങ്ങളിൽ പദ്ധതികളുണ്ട്. കൗൺസിലിംഗിനായി എത്തുന്നവരോട് വിശദ വിവരങ്ങൾ ചോദിച്ചറിഞ്ഞ് ധ്യാനഗുരുക്കന്മാരെ അറിയിക്കുകയാണ് ഒരു വഴി. വലിയ ബുദ്ധിമുട്ട് കൂടാതെ സാധിക്കാവുന്നതാണിത്.

ധ്യാനകേന്ദ്രത്തിലെ സ്ഥിരം അന്തേവാസികളെ ഉപയോഗിച്ചും ധ്യാനഗുരുക്കൻമാർ വിവരം ശേഖരിക്കാറുണ്ട്. ധ്യാനത്തിന് എത്തുന്നവരോടൊപ്പം ഈ അന്തേവാസികളും കൂടും. ഒഴിവു സമയങ്ങളിൽ എല്ലാ വിവരവും ചോദിച്ചറിയും. രോഗം, കുടുംബ പ്രശ്നം തുടങ്ങി തികച്ചും സ്വകാര്യമായ വിഷയങ്ങൾ വരെ ഈ വിധത്തിൽ ശേഖരിക്കും. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ധ്യാനഗുരുക്കൻമാർ യഥാവിധി ഉപയോഗിക്കും. ''കഴിഞ്ഞ പത്തു വർഷമായി വിട്ടുമാറാത്ത തലവേദനയാൽ കഷ്ടപ്പെടുന്ന കട്ടപ്പനക്കാരൻ ചാക്കോ (38 വയസ്സ്) ഇതാ സൗഖ്യം പ്രാപിക്കുന്നു'' എന്ന് പുരോഹിതൻ വിളിച്ചു പറയുമ്പോൾ അത്ഭുതം കൊണ്ട് വായ് പൊളിച്ച് ചാക്കോ തന്റെ തലവേദന മാറിയെന്ന് സാക്ഷ്യം പറഞ്ഞുപോകും.

# അവാർഡില്ലേ മോഷണായി?

കഴിഞ്ഞ ചില മാസങ്ങളായി പുതിയ അവാർഡ് പ്രഖ്യാപനങ്ങളൊന്നും മോഷണായി നടത്തുന്നില്ല. എന്താണ് കാരണമെന്ന് മനസ്സിലാകുന്നുമില്ല. അവാർഡ് വാങ്ങാൻ തയ്യാറായി ആരും മുൻപോട്ട് വരാത്തതാണോ അതോ ഡിഫെൻഡറിനെ പേടിച്ച് അവാർഡ് ദാനം വേണ്ടെന്നു വെച്ചതാണോ എന്ന് നിശ്ചയമില്ല.

കഴിഞ്ഞവർഷം ഈ സമയത്താണ് ഒരു അവാർഡ് മേള മോഷണായി നടത്തിയത്. പെന്തക്കോസ്തിലെ ഒട്ടുമിക്ക ശുംഭൻമാർക്കും അന്ന് അവാർഡ് കൊടുത്തു. പിന്നെ പി.എ.വി സാമിനും ഉമ്മൻ ചാണ്ടിക്കും അവാർഡ് കൊടുത്തു. അതു കഴിഞ്ഞ് പുതിയ അവാർഡുകൾ ഒന്നും കൊടുത്തതായി അറിവില്ല.

ഇടയ്ക്കൊക്കെ കുറെ അവാർഡ് കൊടുക്കാതെ മോഷണായിക്ക് ജീവിക്കാനാവില്ല. അവാർഡ് ദാനം മോഷണായിയുടെ രക്തത്തിൽ അലിഞ്ഞു ചേർന്നുപോയി. പക്ഷേ ഈയിടെയായി ഡിഫെൻഡറിന്റെ ശല്യം അതികഠിനമായിരിക്കയാണ്. മന:സമാധാനമായിട്ട് അവാർഡ് കൊടുക്കാൻ ഡിഫെൻഡർ സമ്മതിക്കില്ല എന്നു വന്നാൽ എന്തുചെയ്യും?

മോഷണായിയോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: ഡിഫെൻഡർ എന്തു തന്നെ എഴുതിയാലും മോഷണായി അവാർഡ് ദാനം നിർത്തരുത്. എവിടുന്നെങ്കിലും ഒരു അവാർഡ് കിട്ടിയിട്ട് മരിച്ചാലും വേണ്ടില്ല എന്ന് ആശയോടെ കാത്തിരിക്കുന്ന ആയിരക്കണക്കിന് കൂട്ടക്ഷര വൈരികൾ ഈ ഭൂമിമലയാളത്തിൽ ഉണ്ട്. അഥവാ മലയാളക്കരയിൽ ഉള്ളവർക്കെല്ലാം അവാർഡ് കൊടുത്തു കഴിഞ്ഞാലും പേടിക്കേണ്ട. റീമാ എന്നത് ഇന്റർനാഷണൽ ആണല്ലോ. അതുകൊണ്ട് ഇന്റർനാഷണൽ തലത്തിൽ അവാർഡ് കൊടുക്കാം. അങ്ങനെ, ഏറ്റവും അധികം അവാർഡ് കൊടുത്ത വ്യക്തി എന്ന നിലയ്ക്ക് ഗിന്നസ് ബുക്കിലും കയറിപ്പറ്റാം. ആ വകയിൽ സ്വയം ഒരു ശുനകരത്നം അവാർഡ് എഴുതി എടുക്കുകയും ചെയ്യാം. സംഗതി കുശാൽ.



# ബോങ്കെയുടെ വീണ്ടുംവരവും കുറെ പ്രശ്നങ്ങളും

റെയ്നാഡ് ബോങ്കെ വീണ്ടും കേരളത്തിൽ എത്തുന്നതായി അറിഞ്ഞു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത് എന്ന് പല വായനക്കാരും ചോദിക്കയുണ്ടായി. അതുകൊണ്ട് ഈ വിഷയവുമായി ബന്ധപ്പെട്ട് ഡിഫെൻഡറിന് പറയാനുള്ള പ്രധാന കാര്യങ്ങളെല്ലാം പറയുകയാണ്.

കേരളത്തിൽ ഒട്ടേറെ മെഗാ ക്രൂസേഡുകൾ നടന്നുകഴിഞ്ഞു. ബോങ്കെയുടെ ഒന്നാമത്തെ ക്രൂസേഡായിരുന്നു ഇവയ്ക്ക് തുടക്കമിട്ടത്. ഈ ക്രൂസേഡുകൾ കൊണ്ട് എന്തു നേട്ടമുണ്ടായി എന്ന ചോദ്യം പ്രസക്തമാണ്. പത്രക്കാർക്ക് പരസ്യം വകയിൽ കുറെ പണം കിട്ടി. പുസ്തകശാലക്കാർ, കാസറ്റ് കച്ചവടക്കാർ തുടങ്ങിയവർക്ക് നല്ല ബിസിനസ്സ് കിട്ടി. നേതാക്കൻമാർക്ക് ഷൈൻ ചെയ്യാൻ സാധിച്ചു. പക്ഷേ എടുത്തു പറയത്തക്ക ആത്മീയ നേട്ടമൊന്നും ഉണ്ടായില്ല. നൂറു കണക്കിന് രോഗികൾ സൗഖ്യമായി എന്ന് പ്രചരണമുണ്ടായെങ്കിലും എടുത്തു പറയത്തക്കതായി ഒരു രോഗസൗഖ്യം പോലും ഉണ്ടായതുമില്ല. ഈ ക്രൂസേഡുകൾ നടത്താൻ ഉണ്ടായ ചെലവുകളുമായി തട്ടിച്ചു നോക്കുമ്പോൾ എല്ലാ ക്രൂസേഡുകളും ആത്മീയമായി വൻ പരാജയങ്ങളായിരുന്നു. കോലാഹലം ഉണ്ടാക്കി കേരളത്തിൽ ആത്മീയനേട്ടം ഉണ്ടാക്കാൻ പറ്റില്ല എന്ന് വ്യക്തം.

യോഗിചോ, ബെന്നിഹിൻ, ഹോസ്മ തുടങ്ങിയവരുമായി തട്ടിച്ചു നോക്കുമ്പോൾ ബോങ്കെയ്ക്ക് ചില നല്ല ഗുണങ്ങളുണ്ട്. സത്യസുവിശേഷം പ്രസംഗിക്കുന്നതിന് ശുശ്രൂഷയുടെ നല്ലൊരു പങ്ക് ബോങ്കെ മാറ്റിവെയ്ക്കുന്നു എന്നതാണ് അതിൽ പ്രധാനപ്പെട്ടത്. ഉണർവ്വ് പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന മറ്റാരും ദൈവവചനത്തിന് ഇത്രത്തോളം പ്രാധാന്യം നൽകാറില്ല. ബോങ്കെ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടെങ്കിലും ബെന്നിഹീനിനേപ്പോലെ രോഗശാന്തി തട്ടിപ്പ് നടത്താറില്ല. അത്ഭുതങ്ങൾക്ക് ബോങ്കെയുടെ ക്രൂസേഡുകളിൽ രണ്ടാം സ്ഥാനമേയുള്ളൂ. ഒന്നാം സ്ഥാനം ദൈവവചനത്തിന് നൽകുന്നു. ഇതൊക്കെ നല്ല കാര്യങ്ങളാണ്. അതുകൊണ്ട് മറ്റ് അത്ഭുത വീരൻമാരെ എതിർക്കുന്നതുപോലെ ഡിഫെൻഡർ ബോങ്കെയെ എതിർക്കുകയില്ല.

ബോങ്കെയുടെ ക്രൂസേഡ് നടത്തുക എന്നത് അത്ര എളുപ്പമുള്ള കാര്യമാണ് എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ക്രൂസേഡ് നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് എത്രത്തോളമുണ്ടെന്ന് ബ്രദർ പോൾ മേടമന അനുഭവിച്ച് അറിഞ്ഞതാണല്ലോ. അതിലും ഗുരുതരമാകും ഇത്തവണത്തെ സ്ഥിതി.

1. നേതാക്കൻമാരുടെ നിസ്സഹകരണം പ്രധാന പ്രശ്നമാകും. തങ്ങൾക്ക് ഷൈൻ ചെയ്യാൻ അവസരം കിട്ടാത്ത ഒരു പരിപാടിയും ഈ ഭൂമിമലയാളത്തിൽ നടക്കാൻ പാടില്ല എന്നാണ് അവരുടെ ആഗ്രഹം. കഴിഞ്ഞ ക്രൂസേഡിൽ ചില നേതാക്കൻമാർ നടത്തിയ തറവേലകൾ മേടമന മറന്നു കാണില്ലല്ലോ.
2. നേതാക്കൻമാർ മാത്രമല്ല, അധികാരമോഹികളായ ഛോട്ടാ പാസ്റ്റർമാരും എതിർപ്പുമായി രംഗത്തുണ്ടാകും. ഷൈൻ ചെയ്യാൻ അവസരം കിട്ടില്ല എന്നതുതന്നെ ആയിരിക്കും അവരുടേയും പ്രധാന പ്രശ്നം.
3. മേടമനയ്ക്ക് കാശുണ്ടാക്കാനുള്ള തന്ത്രമാണ് ഈ ക്രൂസേഡ് എന്ന് പ്രചരണം ഉണ്ടാകും. ആവശ്യമായതിന്റെ പകുതി ഫണ്ട് പോലും ശേഖരിക്കാൻ ബുദ്ധിമുട്ടും. എല്ലാം കഴിയുമ്പോൾ വലിയൊരു തുക കടമുണ്ടാകും.
4. കഴിഞ്ഞ ക്രൂസേഡിൽ ഉണ്ടായത്ര ജനക്കൂട്ടം ഇത്തവണ ഉണ്ടാകും എന്ന് കരുതരുത്. എത്ര പരസ്യം കൊടുത്താലും ഒരളവിൽ അധികം ജനം കൂടുകയില്ല.
5. വിശ്വാസികളുടെ സഹകരണവും പഴയതുപോലെ ഉണ്ടാകില്ല. അതുകൊണ്ട് കൂലിക്ക് ആളെ വച്ച് മിക്ക കാര്യങ്ങളും ചെയ്യിക്കേണ്ടതായി വരും.
6. കൂടെ നിൽക്കുന്നവരെ മേടമന സൂക്ഷിക്കുക. അവരിൽ മിക്കവർക്കും ആത്മീയ കാഴ്ചപ്പാടോ ലക്ഷ്യങ്ങളോ ഇല്ല. ഷൈൻ ചെയ്യാൻ അവസരം കിട്ടും, കീശയും വീർപ്പിക്കാം എന്നൊക്കെ മനക്കോട്ട കെട്ടിയാണ് അവർ ഏലായിട്ടു തരുന്നത്. അവർ വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ നടക്കുന്നത് എന്ന് കാണുമ്പോൾ അവർ ശത്രുക്കളാകും.
7. പത്രക്കാരിൽ ഭൂരിപക്ഷവും സഹകരിക്കും. പരസ്യം വകയിലും വരിസംഖ്യ വകയിലും കുറെ പണം കിട്ടും എന്നതുതന്നെ കാരണം. പരസ്യവും ഷൈൻ ചെയ്യാനുള്ള അവസരവും കിട്ടാത്ത പത്രക്കാർ എതിർത്തെന്നും വരാം. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം എന്നതാണല്ലോ പത്രക്കാരുടെ മുദ്രാവാക്യം.

ഇത്രയുമൊക്കെയാണ് ക്രൂസേഡ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുക. ഇനി ക്രൂസേഡ് നടന്നു കഴിഞ്ഞുള്ള കാര്യം പറയാം.

1. ആകെക്കൂടി ഒരു ബഹളവും കോലാഹലവും ഒക്കെ ഉണ്ടാകുമെന്നല്ലാതെ ആത്മീയമായി ഒരു പ്രയോജനവും ഉണ്ടാകില്ല.
2. രക്ഷിക്കപ്പെട്ടു എന്നു പ്രഖ്യാപിച്ച് കൈ പൊക്കാനും ഫോം പൂരിപ്പിച്ച് നൽകാനും ഒക്കെ ആയിരങ്ങൾ തയ്യാറാകും. പക്ഷേ യോഗം കഴിയുന്നതോടെ ഇവരെല്ലാം പഴയനിലയിലാകും. രക്ഷിക്കപ്പെടൽ കടലാസിൽ ഒതുങ്ങും.
3. അത്ഭുത രോഗശാന്തി ലഭിച്ചതായി നിരവധി ആളുകൾ സാക്ഷ്യം പറയും. പക്ഷേ വിശദമായ അന്വേഷണം നടത്തുമ്പോൾ ഈ സാക്ഷ്യങ്ങളെല്ലാം കളവാണെന്ന് വ്യക്തമാകും. അത്ഭുതം എന്ന് വിളിക്കാവുന്ന ഒരു സംഭവവും ഉണ്ടാകില്ല.
4. മേടമനയ്ക്ക് പുതിയ കുറെ ശത്രുക്കൾ ഉണ്ടാകും. മേടമന ഒന്നാംതരം തട്ടിപ്പുകാരനാണെന്ന് പ്രചരണം ഉണ്ടാകും.
5. ചെലവായതിന്റെ പകുതി പണം പോലും പിരിഞ്ഞുകിട്ടുകയില്ല എന്ന് പറഞ്ഞു കഴിഞ്ഞല്ലോ. അതുകൊണ്ട് വലിയൊരു തുക കടമുണ്ടാകും. കൂടെ നിന്ന് ഷൈൻ ചെയ്ത ആരും ഈ കടത്തിന്റെ ഭാരം ഏറ്റെടുക്കാൻ തയ്യാറാകുകയില്ല.
6. സകല പ്രശ്നങ്ങൾക്കും ഏക ഉത്തരവാദി മേടമനയാണ് എന്ന് പ്രചരണം ഉണ്ടാകും. മനസ്സും ശരീരവും ഒന്നുപോലെ തളർത്തുന്ന അപവാദപ്രചരണമുണ്ടാകും. ഈ പണിക്ക് പോകേണ്ടിയിരുന്നില്ല എന്ന് തോന്നിപ്പോകും.

കൺവെൻഷനോ ക്രൂസേഡോ മെഗാ ക്രൂസേഡോ എന്തുതന്നെ ആയാലും ഡിഫെൻഡറിന്റെ നിലപാട് വ്യക്തമാണ്:

1. സത്യസുവിശേഷം പ്രസംഗിക്കപ്പെടുന്ന ഒരു യോഗത്തേയും ഡിഫെൻഡർ എതിർക്കുകയില്ല. സമൃദ്ധിയുടെ സുവിശേഷമോ മറ്റ് വ്യാജ സുവിശേഷങ്ങളോ പ്രസംഗിക്കപ്പെടാനുള്ള സാദ്ധ്യത ഉണ്ടെന്നു കണ്ടാൽ ഡിഫെൻഡർ എതിർക്കും.
2. മിറക്കിൾ ക്രൂസേഡ് എന്ന പരിപാടി വചനവിരുദ്ധമാണ്. സുവിശേഷം പ്രസംഗിക്കുക, രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക തുടങ്ങിയവ ചെയ്യേണ്ടതാണ്. പക്ഷേ മിറക്കിൾ ക്രൂസേഡ് എന്ന് കൊട്ടിഘോഷിക്കരുത്.
3. നടക്കാത്ത അത്ഭുതം നടന്നെന്നു പ്രചരിപ്പിച്ച് ജനവഞ്ചന നടത്തിയാൽ എതിർക്കേണ്ടിവരും.
4. സാമ്പത്തിക ദുർവ്വിനിയോഗം ഉണ്ടാകരുത്. പരസ്യങ്ങൾ ആവശ്യമാണെങ്കിലും ഒരു അളവിൽ അധികം പണം പരസ്യത്തിനായി വിനിയോഗിക്കരുത്.
5. ഒരു വ്യക്തിക്കും അമിതമായ പ്രാധാന്യം കൊടുക്കരുത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** എം.എ.വർഗീസ് ഏറെ ജനപ്രീതിയുള്ള പ്രസംഗകനാണ്. അദ്ദേഹം ഒരു വ്യാജ ഡോക്ട്രേറ്റ് വാങ്ങി എന്നത് അത്ര ഗൗരവമുള്ള തെറ്റാണോ? അതുപോലെ, ദേവസ്യ മുല്ലക്കര സത്യസുവിശേഷം പ്രസംഗിക്കുന്ന ആളല്ലേ? അദ്ദേഹത്തെ എതിർക്കുന്നത് ശരിയാണോ?

■ ആരും അറിയാത്ത ഒരാൾ വ്യാജ ഡോക്ട്രേറ്റുമായി നടക്കുന്നത് പൊതുതാല്പര്യമുള്ള വിഷയമല്ല. എന്നാൽ അറിയപ്പെടുന്ന പ്രസംഗകനായ എം.എ.വർഗീസ് ചുമ്മാഡോയുമായി നടക്കുന്നത് ഗുരുതരമായ തെറ്റാണ്. ഇതിനെ എതിർക്കാതെ പറ്റില്ല. വിശദീകരിക്കാം.

എം.എ.വർഗീസിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ എം.എ.വർഗീസ് ശക്തനായ ഒരു ദൈവദാസനാണ്. (ജനത്തെ അങ്ങനെ ധരിപ്പിക്കാൻ എം.എ.വർഗീസിന് കഴിയുന്നു). അതുകൊണ്ട് ജനം ദൈവനാമത്തിൽ എം.എ.വർഗീസിനെ ബഹുമാനിക്കുകയും അന്ധമായി വിശ്വസിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ മേൽ ഇത്ര സ്വാധീനമുള്ള വ്യക്തി വ്യാജനാണെങ്കിൽ അത്യന്തം അപകടകാരിയായിരിക്കും.

എം.എ.വർഗീസ് ശാസ്ത്രജ്ഞനായിരുന്നു എന്നാണ് പ്രചരണം. കുറഞ്ഞപക്ഷം ഒരു ബി.എസ്.സി. ഡിഗ്രിയെങ്കിലും ഇല്ലാതെ ഒരു സ്ഥാപനത്തിലും ശാസ്ത്രജ്ഞനായി നിയമനം ലഭിക്കുകയില്ല. പക്ഷേ എം.എ.വർഗീസ് ഡിഗ്രിക്കാരനല്ല. പത്താം ക്ലാസ്സുകാരൻ എങ്ങനെയാണപ്പാ ശാസ്ത്രജ്ഞനാകുന്നത്?

ദൈവവേല ചെയ്യാൻ ഡിഗ്രി വേണോ എന്ന് ചോദിച്ചേക്കാം. വേണ്ടേവേണ്ട. പക്ഷേ ഇല്ലാത്ത ഡിഗ്രി ഉണ്ടെന്ന് കള്ളം പറയരുത് എന്നുമാത്രം. പക്ഷേ നമ്മുടെ ഉണർവ്വ് പ്രസംഗകർക്ക് കള്ളം പറയാതെ ജീവിക്കാൻ ആവാത്ത സ്ഥിതിയാണുള്ളത്. സുരേഷ് ബാബുവിന് ബി.ടെക്, ബാബു ജോർജിന് ചുമ്മാ ഡോ, തങ്കുവിനും തോമസ്കുട്ടിക്കും ഡോ, എം.എ.വർഗീസിന് ശാസ്ത്രജ്ഞ പദവി. ഇപ്പോൾ ചുമ്മാ ഡോയും.

ഫലം കൊണ്ട് വൃക്ഷത്തെ തിരിച്ചറിയണം എന്ന് ദൈവവചനം പറയുന്നു. ഒരു ശങ്കയുമില്ലാതെ ഭോഷ്ക്ക് പറയുകയും ഭോഷ്ക്കിൽ ജീവിക്കുകയും ചെയ്യുന്നവരെ ഭരിക്കുന്നത് ഏത് ആത്മാവാണ്? ഇല്ലാത്ത ഡോക്ട്രേറ്റ് ഉണ്ടെന്നും നടക്കാത്ത അത്ഭുതങ്ങൾ നടന്നെന്നും പറഞ്ഞു നടക്കുന്നത് ദൈവാത്മാവിൽ ആകില്ലെന്നു വ്യക്തം.

ഇനിയുള്ളത് ജനപ്രീതിയുടെ കാര്യമാണ്. പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്ന ആർക്കും ജനപ്രീതിയുള്ള വ്യക്തിയായി വിലസാൻ കഴിയും. പെന്തക്കോസ്തിലെ കള്ളൻമാർ ജനപ്രീതി ഉള്ളവരാകുന്നത് ഇങ്ങനെയാണ്. എം.എ.വർഗീസ് എങ്ങനെയാണ് ജനപ്രീതിയുള്ള വ്യക്തിയായത്. താൻ ശാസ്ത്രജ്ഞനായിരുന്നെന്നും ദൈവവേലയ്ക്കുവേണ്ടി അതെല്ലാം വിട്ട് ഇറങ്ങിയതാണെന്നും മറ്റും കള്ളക്കഥ പറഞ്ഞു. തനിക്ക് അത്ഭുതങ്ങളും വീര്യപ്രവൃത്തികളും മറ്റും നടത്താനുള്ള കഴിവുണ്ടെന്ന് പ്രചരിപ്പിച്ചു. നടക്കാത്ത അത്ഭുതങ്ങൾ നടന്നെന്ന് പ്രചരിപ്പിച്ചു. ദിവ്യത്വം ഭാവിച്ച് നടന്നു. ഇതെല്ലാം കണ്ട് പൊതുജനം വണ്ടറടിച്ചു. ചോദ്യം ചെയ്യാതെ വിശ്വസിച്ചു. അങ്ങനെയാണ് എം.എ.വർഗീസ് ജനപ്രിയനായത്.

സത്യം എന്താണ്? എം.എ.വർഗീസിന് ഒരു ഡിഗ്രിപോലുമില്ല. ശാസ്ത്രജ്ഞനായിരുന്നില്ല. അന്നും ഇന്നും എം.എ.വർഗീസ് ശാസ്ത്ര അജ്ഞൻ മാത്രമാണ്. അത്ഭുതം എന്ന് തീർത്ത് പറയാവുന്ന ഒരു സംഭവം പോലും എം.എ.വർഗീസിലൂടെ ഉണ്ടായിട്ടില്ല. ദൈവനാമത്തിൽ തട്ടിപ്പ് നടത്തി ഉപജീവനം കഴിക്കുന്ന ശുദ്ധ കള്ളനാണ് എം.എ.വർഗീസ്. ഇങ്ങനെയുള്ള ഒരാളെ വിമർശിക്കാതിരിക്കാൻ ഡിഫെൻഡറിന് കഴിയുന്നതല്ല.

ദേവസ്യ മുല്ലക്കരയുടെ പ്രശ്നം മറ്റൊന്നാണ്. ഒറ്റ നോട്ടത്തിൽ തികച്ചും വചനാനുസൃതം എന്ന് തോന്നുന്ന പ്രസംഗങ്ങളാണ് ഇദ്ദേഹം നടത്തുന്നത് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ദൈവവചനം നന്നായി പഠിച്ചിട്ടുള്ളവർക്ക് ഇദ്ദേഹത്തിന്റെ പ്രസംഗത്തിലെ പൊള്ളത്തരം ഗ്രഹിക്കാൻ കഴിയും.

രക്ഷയെ ബാധിക്കുന്ന ദുരുപദേശം, രക്ഷയെ ബാധിക്കാത്ത അഭിപ്രായ വ്യത്യാസം എന്നിങ്ങനെ രണ്ടായി തിരിച്ചുവേണം ഉപദേശവിഷയങ്ങളെക്കുറിച്ച് പഠിക്കാൻ. കത്തോലിക്കർ ഉൾപ്പെടെയുള്ള ക്രൈസ്തവ സമുദായങ്ങൾ ഗുരുതരമായ ദുരുപദേശങ്ങളാണ് പഠിപ്പിക്കുന്നതെന്ന നിലപാടാണ് പെന്തക്കോസ്ത് സഭകൾക്കുള്ളത്. വീണ്ടും ജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ അടിസ്ഥാന വിഷയങ്ങളേക്കുറിച്ച് ഈ സമുദായങ്ങൾ വചനവിരുദ്ധമായ ഉപദേശങ്ങളാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് ഈ ക്രൈസ്തവ വിഭാഗങ്ങൾ രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ദുരുപദേശങ്ങളാണ് പ്രചരിപ്പിക്കുന്നത്.

ദേവസ്യ മുല്ലക്കരയുടെ പഠിപ്പിക്കൽ സമുദായക്കാരുടെ പഠിപ്പിക്കലുകൾ തന്നെ ആണ്. സമുദായങ്ങളിലുള്ള ചുരുക്കം ചില ദുരാചാരങ്ങളെ അദ്ദേഹം എതിർക്കുന്നു എന്നത് ശരി തന്നെ. പക്ഷേ രക്ഷയെ ബാധിക്കുന്ന സുപ്രധാന വിഷയങ്ങളിൽ അദ്ദേഹം ഇപ്പോഴും സമുദായക്കാരുടെ ഉപദേശത്തിൽ ഉറച്ചു നിൽക്കുന്നു. വീണ്ടും ജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയവയേക്കുറിച്ച് മുല്ലക്കര എന്താണ് പറയുന്നത് എന്ന് ശ്രദ്ധിക്കുക. വീണ്ടുംജനനത്തേക്കുറിച്ച് അദ്ദേഹം ചിലപ്പോഴൊക്കെ പറയാറുണ്ട്. പക്ഷേ എങ്ങും തൊടാതെ, ഒഴുക്കൻ മട്ടിലുള്ള ഒരു പ്രസംഗം മാത്രമാണിത്. ഇത്തരം പ്രസംഗം കേട്ട് ആരും വീണ്ടുംജനനം പ്രാപിക്കയില്ല. വീണ്ടും ജനനം പ്രാപിക്കാതെ നിത്യജീവൻ പ്രാപിക്കാനും കഴിയുന്നതല്ല.

വിശ്വാസസ്നാനം എന്ന വിഷയത്തേക്കുറിച്ച് മുല്ലക്കര എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? വിശ്വസിക്കുന്നതിനു മുൻപ് ലഭിച്ച മാമോദീസ വചനവിരുദ്ധമാണെന്നും വീണ്ടും ജനനം പ്രാപിച്ച വ്യക്തി വിശ്വാസസ്നാനം സ്വീകരിക്കണമെന്നും മുല്ലക്കര പറയുന്നെന്ന് തോന്നുന്നില്ല. അഥവാ, പറഞ്ഞാൽ അന്ന് അദ്ദേഹത്തോടുള്ള നിലപാട് ഡിഫെൻഡർ പുനഃപരിശോധിക്കും.

പരിശുദ്ധാത്മ സ്നാനത്തേക്കുറിച്ച് വികലമായ പഠിക്കലുകളാണ് മുല്ലക്കരയ്ക്ക് ഉള്ളത്. അന്യഭാഷാഭാഷണത്തെ പരിഹസിച്ച് മുല്ലക്കര പലപ്പോഴും പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്. വേർപാട് എന്ന വിഷയത്തേക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചിട്ടുള്ളതായി അറിവില്ല. ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു: രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണ് ദേവസ്യ മുല്ലക്കര. സമുദായങ്ങളിലെ ചില ദുരാചാരങ്ങളെ വിമർശിക്കുന്നതുകൊണ്ടു മാത്രം മുല്ലക്കര സ്വീകാര്യനാകുന്നില്ല.

കള്ളനോട്ട് തിരിച്ചറിയാൻ കള്ളനോട്ടിന്റെ ലക്ഷണങ്ങളല്ല നല്ല നോട്ടിന്റെ പ്രത്യേകതകളാണ് പഠിക്കേണ്ടത്. നല്ല നോട്ടുമായി 99% യോജിച്ചാൽ നല്ല നോട്ടായി കണക്കാക്കാം എന്ന് സുബോധമുള്ളവൻ പറയുകയില്ല. നല്ലനോട്ടിന്റെ എല്ലാ ലക്ഷണങ്ങളും പൂർണ്ണമായി പ്രകടിപ്പിക്കുന്ന നോട്ടുകൾ മാത്രമാണ് നല്ലനോട്ടുകൾ. നേരിയ വ്യത്യാസമെങ്കിലും ഉണ്ടെങ്കിൽ അത് കള്ളനോട്ടാണ്. പക്ഷേ ഒറ്റ നോട്ടത്തിൽ നല്ലനോട്ടുപോലെ തോന്നുന്ന കള്ളനോട്ടുകൾ തിരിച്ചറിയാൻ സാധാരണക്കാരന് കഴിഞ്ഞില്ലെന്നു വരാം. മുല്ലക്കര പ്രശ്നവും ഇങ്ങനെതന്നെ.

# ഓർഗനൈസർ പറയുന്നതിങ്ങനെ

സുവിശേഷകർക്കെതിരെ ഈയിടെ ഉണ്ടായ അക്രമത്തേക്കുറിച്ച് ഓർഗനൈസർ എന്ന പത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്ത.

## Alluring to convert Sriganganagar episode exposes a Christian plot

***By Lokpal Sethi in Jaipur***

A recent incident in agriculturally rich Sriganganagar district has exposed the claim of the Church and its missionaries that they are not luring the innocent people to Christianity by offering them bribes and promising jobs. The two Christian missionaries received thrashings from the angry crowd, which had come to know their purpose of visiting the town, which is close to Punjab and also the international border with Pakistan.

The police, which were ignorant of activities of Christian missionaries in this part of Rajasthan, have now put them behind the bars. According to intelligence sleuths, of late, these missionaries are trying to shift their base in these areas as they are facing stiff resistance from the people in Vanvasi areas, where they had earlier established their strong base to carry out their conversion activities.

The details of the incident revealed that these missionaries were equipped with the latest caste-wise population details of the area and their aim was to select a particular section of the society to lure them to Christianity. On March 23, two middle-aged missionaries, one Jacob Thomas (from Mumbai) and the other Phillip from Noida, landed in the city early in the morning. They straightaway went to the Indira Colony and held a prayer meeting at the house of a newly convert. Later with the help of this neo-convert, both moved in the locality. They were speaking derogatory language against Hindu religion and its gods. They were also telling the poor residents in the locality that they would be benefited in many ways and would also receive cash rewards, if they embrace Christianity, which is a modern religion and not orthodox like Hinduism.

Late in the afternoon, they were seen moving in another colony—Agrasen Nagar. Meanwhile, the word had spread that some Christians are moving in the town to spread the message of Christ. A group of alert people, belonging to Hindu organisations, surrounded them near the Shani Temple and there they were exposed of their nefarious design. Later, police was informed and they took both of them to a nearby police station. A case, under 295 of IPC, was registered against them. The police recovered two mobiles and a laptop, along with missionary literature from their possession. The entry in the laptop revealed the real purpose of their visit to the place. Both of them had arrived there from Moga in Punjab and were in touch with some new converts.

For years, Kota was the major centre of Emmanuel Mission International (EMI) founded by one Samuel Thomas, a Christian missionary from Kerala. Later, his son Dr. M.A. Thomas became its head. The EMI is running a number of educational and other institutions. Last year, a complaint was lodged against Dr. Thomas and some others of EMI saying that they were indulging in religious conversion. After an inquiry, these allegations were found true. It was also revealed that EMI was getting foreign funds in violation of the act. The government superseded the management and took over the management in its own hands by appointing an administrator. This was challenged by Dr. Thomas in the court but he lost the case. But later a double bench admitted his petition and gave judgment in the favour of Dr. Thomas. The government has further challenged the judgment. These cases and banning of the controversial book Haqeeqat, containing several derogatory remarks against Hindu gods, had dampened the spirit of the Christian originations.

The Vanvasi-dominated districts of Udaipur, Chittorgarh, Rajsamand, Banswara and Partapgarh are the other areas, where Christian missionaries were arriving in big numbers as they found that it was easy to lure innocent Vanvasis to Christianity. They told the Vanvasis that they were not part of Hinduism and have religious identity of their own. Till few years back, these missionaries, who had lot of funds at their disposal, were succeeding in their acts, though in a limited way, to attract the Vanvasis to Christianity. But with the arrival of Vanvasi Kalyan Parishad in the area, they are facing a stiff resistance from the people. The Parishad, in the last week of February, organised a massive Rashtra Shakti Sammelan of Vanvasis in Udaipur. The Parishad is working under the devoted team of RSS Pracharaks and its functionaries, who are determined to put a stop to these activities of the missionaries in this area, as it was slowly turning a gracing ground for these missionary organistions.

Now Vanvasi Kala Parishad Ashram as launched mass contact programmes in Jaipur and other cities to collect funds from common people. The funds would be used in putting up hostels, schools and astha kendras in the Vanvasi area for the uplift of Vanvasis and also to spread the message that they are very much part of the larger Hindu parivar. According to Narsimha Bhatt, state president of the organisation, the total population of Vanvasis in the state is around 85 lakh and Ashram has set an target to reach all of them in the next few years. According to intelligence sources, the strategy of these Hindu organisation has forced these Christian missionaries to search new places to carry out their activities. Sriganganagar and the adjoining areas are their first target in this regard.

# ജെ.സി.ദേവ് വീണ്ടും കള്ളം പറയുന്നു

ഭോഷ്ക്കിന്റെ പുത്രൻ മാർക്ക് കള്ളം പറയാതിരിക്കാൻ ആവില്ല. ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിന്റെ വംശക്കാരനായ ജെ.സി.ദേവിന് പച്ചക്കള്ളം പറയാതെ ജീവിക്കാനാവില്ല. സംശയമുള്ളവർ ജാലകത്തിന്റെ ഫെബ്രുവരി ലക്കം പേജ് 9 നോക്കുക. അവിടെ ജെ.സി.ദേവ് തന്റെ മനസ്സ് അതിവിശാലമായി തുറന്നു വെച്ചിരിക്കുന്നത് കാണാം.

''പ്രജാപതി ക്രിസ്തുവാണ് എന്ന് ഞാൻ പറഞ്ഞിട്ടില്ല'' എന്നാണ് ദേവ് ഇപ്പോൾ പറയുന്നത്. ഒരു ശങ്കയുമില്ലാതെ ഇത്ര വലിയ കള്ളം പറയാൻ സാക്ഷാൽ കെ.കരുണാകരനു പോലും ധൈര്യം വരില്ല. പക്ഷേ ഭോഷ്ക്കിന്റെ ആത്മാവ് ബാധിച്ച ദേവിന് അല്പംപോലും ശങ്ക ഉണ്ടായില്ല.

പ്രജാപതി ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നവർ രൂപം കൊടുത്ത ക്രൈസ്തവ വേദാന്ത വേദി എന്ന സംഘടനയുടെ പ്രസിഡന്റായിരുന്നു ദേവ്. പ്രജാപതി ക്രിസ്തുവാണെന്നും വേദങ്ങൾ ദൈവാത്മാവിൽ എഴുതിയ പുസ്തകങ്ങളാണെന്നും സ്ഥാപിക്കാനായി കോശി ഏബ്രഹാം എന്ന പ്രജാപതീഭക്തൻ എഴുതിയ അരഡസനോളം പുസ്തകങ്ങൾക്ക് അവതാരികയും അനുമോദനവും എഴുതിയ നീചനാണ് ദേവ്. പ്രജാപതി ക്രിസ്തുവല്ല എന്ന് ദേവ് ഒരിക്കലും പറഞ്ഞിട്ടുമില്ല. പക്ഷേ ഇപ്പോഴിതാ വീണിടത്തു കിടന്ന് ഉരുളുന്നു.

ദേവ് പറയുന്നത് ഇതാണ്: ''പ്രജാപതി എന്ന പദം ഇന്ന് ഏറെ ജനകീയമായിക്കഴിഞ്ഞു. വേദങ്ങളിലെ പ്രജാപതി ക്രിസ്തുവാണ് എന്ന് സമർത്ഥിക്കുന്ന എഴുത്തുകളും പ്രസംഗങ്ങളും ഒരുകാലത്ത് സുലഭമായിരുന്നു. ഒരു പുതിയ ആശയം എന്ന നിലയിൽ ആ പുസ്തകങ്ങൾക്ക് അവതാരിക എഴുതുകയോ അതിന്റെ സമ്മേളനങ്ങളിൽ പങ്കു കൊള്ളുകയോ ചെയ്യുക എന്നത് ഒരു എഴുത്തുകാരൻ എന്ന നിലയിൽ എന്റെമേൽ വന്നുഭവിച്ച നിർബ്ബന്ധമായിരുന്നു. പ്രജാപതി ക്രിസ്തുവാണ് എന്ന് ഞാൻ ഒരിക്കലും എഴുതുകയോ പറയുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്ന് ഇനിയും നിലപാട് മാറ്റിയിട്ടുമില്ല. ഒരു പുസ്തകം അവതരിപ്പിക്കുന്നതിന് അതിന്റെ പ്രമേയം ഇന്നവിധം ആയിരിക്കണെമെന്ന് ശഠിക്കാൻ കഴിയില്ല. നാളെയും അനിവാര്യമെങ്കിൽ ഇങ്ങനെ തുടരേണ്ടിവരും''.

പോരേ പൂരം. അനിവാര്യമെങ്കിൽ ഇനിയും ഇയാൾ പ്രജാപതിക്ക് അവതാരിക എഴുതുമത്രേ. എന്താണാവോ ഈ അനിവാര്യത? ഇയാൾ അവതാരിക എഴുതിയില്ലെങ്കിൽ ആകാശം ഇടിഞ്ഞു വീഴുമോ?

പ്രജാപത് ക്രിസ്തുവാണെന്ന് താൻ പറഞ്ഞിട്ടില്ലെന്നും പ്രജാപതി ക്രിസ്തുവാണെന്ന് പറയുന്ന പുസ്തകങ്ങൾ പൊതുജനങ്ങൾക്ക് അവതരിപ്പിച്ചു കൊടുത്തിട്ടേയുള്ളു എന്നുമാണ് ദേവ് പറയുന്നത്. പാവം. എത്ര നിഷ്ക്കളങ്കൻ. ഇയാൾ നാളിതുവരെ വ്യഭിചരിച്ചിട്ടില്ല, മാമ്മാപ്പണി ചെയ്തിട്ടേയുള്ളൂ. അനിവാര്യമെങ്കിൽ സ്വന്തം അമ്മയ്ക്കുവരെ മാമ്മാപ്പണി ചെയ്യും ഈ പുണ്യപുരുഷൻ.

മുപ്പത് വെള്ളിക്കാശിന് കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാസിനെ നാം മഹാപാപിയായി കണക്കാക്കുന്നു. പക്ഷേ ചില്ലിക്കാശിന് പരിശുദ്ധാത്മാവിനെ വിറ്റ ഈ നീചൻ പെന്തക്കോസ്തുകാർക്ക് ഇന്നും സ്വീകാര്യനാണ്. ബ്രദറുകാർ വച്ചുനീട്ടിയ നാണയത്തുട്ടുകൾ കണ്ടപ്പോൾ അന്നുവരെ പറഞ്ഞിരുന്ന അന്യഭാഷ വിഴുങ്ങിയിട്ട് ഈ വിദ്വാൻ ബ്രദറുകാരോടൊപ്പം പോയി. പെന്തക്കോസ്ത് ഉപദേശം തെറ്റായതുകൊണ്ടും ബ്രദറൻ ഉപദേശം ശരിയായതുകൊണ്ടും ആണോ ഇയാൾ ബ്രദറൻ സഭയിൽ പോയത്? ആണെന്ന് ദേവ് നാളിതുവരെ പറഞ്ഞിട്ടില്ല.

കഴിഞ്ഞ മുപ്പതു വർഷം ഇയാൾ കഞ്ഞികുടിച്ചത് ബ്രദറുകാർ കൊടുത്ത പണം കൊണ്ടാണ്. ഇയാൾ താമസിക്കുന്ന വീട് ബ്രദറുകാരുടെ പണമാണ്. പക്ഷേ പരിശുദ്ധാത്മാവിനെ വിറ്റ ഈ നീചന് ബ്രദറുകാരെ തള്ളിപ്പറയാൻ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. എന്തിനാണ് ബ്രദറൻ സഭ വിട്ടത് എന്നു ചോദിച്ചാൽ ''അരുളപ്പൻ അന്യഭാഷ പറഞ്ഞു എന്നതിന് തെളിവുകിട്ടി'' എന്നായിരിക്കും ദേവിന്റെ മറുപടി. ദേവ് ഉപദേശ സത്യങ്ങൾ സ്ഥാപിക്കാൻ സ്വീകരിച്ചിരിക്കുന്ന വഴി കൊള്ളാം. ഇയാളെ വചനപണ്ഡിതൻ എന്നു വിളിക്കുന്നവനെയൊക്കെ അപ്പപ്പത്തൽ വെട്ടി തല്ലണം.

അന്യഭാഷ, പ്രവചനം തുടങ്ങിയതൊക്കെ നിന്നുപോയി എന്നാണ് ബ്രദറുകാർ പഠിപ്പിക്കുന്നത്. അതിന് ബൈബിളിൽ നിന്നും ചില ന്യായങ്ങളൊക്കെ അവർ നിരത്തുന്നുമുണ്ട്. ബ്രദറുകാരുടെ പഠിപ്പിക്കൽ ശരിയോ തെറ്റോ എന്ന് വിലയിരുത്തുന്നത് അരുളപ്പൻ അന്യഭാഷ പറഞ്ഞോ എന്നു നോക്കിയല്ല ദൈവവചനത്തിൽ എന്തു പറയുന്നു എന്ന് പരിശോധിച്ചാണ്. എത്ര അരുളപ്പൻമാർ അന്യഭാഷ പറഞ്ഞാലും അത് ഉപദേശസത്യങ്ങൾ സ്ഥാപിക്കുന്നതിന് ആധാരമായി സ്വീകരിക്കാൻ ആവില്ല.

''ബ്രദറുകാർക്ക് ആത്മാവില്ല എന്ന് പെന്തക്കോസ്തുകാരും പെന്തക്കോസ്തർക്ക് ദുരാത്മാവാണെന്ന് ബ്രദറുകാരും പറയരുത് '' എന്നൊരു ഉപദേശവും ഈ ചങ്ങാതി നൽകുന്നു. സംഗതി അസ്സലായി എന്നു പറയാതെ വയ്യ. അന്യഭാഷയും പ്രവചനവും മറ്റും നിലനിൽക്കുന്നു എന്നും പരിശുദ്ധാത്മസ്നാനത്തിന്റെ പ്രത്യക്ഷ അടയാളമാണ് അന്യഭാഷാഭാഷണമെന്നും പെന്തക്കോസ്തുകാർ വിശ്വസിക്കുന്നു. ഈ നിലപാട് ശരിയാണെങ്കിൽ ബ്രദറുകാർ പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരല്ല. അന്യഭാഷയും മറ്റും നിന്നുപോയി എന്ന ബ്രദറൺ പഠിപ്പിക്കൽ ശരിയാണെങ്കിൽ പെന്തക്കോസ്തുകാർ അന്യഭാഷ പറയുന്നത് ദൈവാത്മാവിൽ ആകുന്നതെങ്ങനെ? ഇതൊന്നും ദേവിന് പ്രശ്നമല്ല. പെന്തക്കോസ്തുകാരേയും ബ്രദറുകാരേയും ഒന്നുപോലെ തൃപ്തിപ്പെടുത്താനാണ് ഈ കള്ളന്റെ ശ്രമം. അത്ര ചക്കീമല്ല, അത്ര കണ്ടനുമല്ല എന്നു പറയാൻ ദേവിനേപ്പോലുള്ള ആത്മീയ നപുംസകങ്ങൾക്കു മാത്രമേ ധൈര്യമുണ്ടാകൂ.

ദേവ് പണ്ട് പെന്തക്കോസ്ത് വിട്ട് ബ്രദറൺ സഭയിൽ പോയതും ഇപ്പോൾ പെന്തക്കോസ്തിൽ തിരിച്ചു വന്നതും ആശയപരമായ കാരണങ്ങളാലല്ല ആമാശയപരമായ കാരണത്താലത്രേ. പേരും പ്രശസ്തിയും പണവും ഒക്കെയാണ് ഇയാൾക്കു വേണ്ടത്. അത് നേടാനായി എത്രത്തോളം തരം താഴാനും ഇയാൾ തയ്യാർ.

ബ്രദറുകാരിൽ നിന്നും പിഴിയാവുന്നത്ര പിഴിഞ്ഞിട്ടാണ് പെന്തക്കോസ്തിൽ എത്തിയത്. പക്ഷേ ഇത്തവണ ചുവട് അല്പം പിഴച്ചു. എത്ര ശ്രമിച്ചിട്ടും ഒന്നും നടക്കുന്നില്ല. പെന്തക്കോസ്തുകാർ കണ്ട ഭാവം നടിക്കുന്നില്ല. അതുകൊണ്ട് വെറുതെ വീട്ടിൽ കുത്തിയിരിക്കയാണ് ഇപ്പോൾ.

(ദേവിനെ വിമർശിക്കുന്നത് ചില വ്യവസ്ഥകൾക്ക് വിധേയമായി നിർത്തിക്കൊണ്ട് ഡിഫെൻഡർ ചില മാസങ്ങൾക്കു മുൻപ് അറിയിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ദേവ് ആ വ്യവസ്ഥ ലംഘിച്ചിരിക്കുന്നു. അതുകൊണ്ട് ഡിഫെൻഡർ ഇനി ദേവിനെ വിമർശിക്കുന്നതാണ്).


## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# ആറാം ക്ലാസ്സും ആറ്റം ബോംബും

ആറാംക്ലാസ്സും ആറ്റം ബോംബും തമ്മിൽ എന്താണ് ബന്ധം? ഒരു ബന്ധവുമില്ല. പക്ഷേ പോൾ ഗോപാലകൃഷ്ണൻ എന്ന ആറാം ക്ലാസ്സുകാരൻ അത് സമ്മതിച്ചു തരികയില്ല. ആറാം ക്ലാസ്സ് വരെ പഠിച്ചാൽ ആറ്റം ബോംബ് ഉണ്ടാക്കാം എന്നാണ് അദ്ദേഹം പറയാതെ പറയുന്നത്. സംശയമുള്ളവർ പോൾ ഗോപാലകൃഷ്ണൻ പ്രസിദ്ധീകരിക്കുന്ന ''ശുഭസന്ദേശം എക്കോ'' എന്ന പത്രം നോക്കുക.

ശുഭസന്ദേശം എന്നു മാത്രമായിരുന്നു അടുത്ത കാലം വരെ ഈ പത്രത്തിന്റെ പേര്. ഇപ്പോൾ എക്കോയും ഉണ്ടായിരിക്കുന്നു. എങ്ങനെയാണ് ഈ മാറ്റൊലി ഉണ്ടായതെന്ന് അറിഞ്ഞുകൂടാ. അത് എങ്ങനെയായാലും സംഗതി അത്ര ശുഭമല്ലെന്നതാണ് സത്യം.

പോൾ ഗോപാലകൃഷ്ണന്റെ രണ്ടോ മൂന്നോ ലേഖനങ്ങൾ, പോൾ ഗോപാലകൃഷ്ണന്റെ ഫോട്ടോ, പോൾ ഗോപാലകൃഷ്ണന്റെ സഭയിലെ വിശ്വാസികളുടെ അനുഭവ സാക്ഷ്യങ്ങൾ തുടങ്ങിയതൊക്കെയാണ് പത്രത്തിലെ സ്ഥിരം വിഭവങ്ങൾ. സംഭവം പോൾമയം.

പോൾ ഗോപാലകൃഷ്ണൻ സ്വന്തം പത്രത്തിൽ ''ശാസ്ത്രീയ പഠനം'' എന്നൊരു സ്ഥിരം പംക്തി പ്രസിദ്ധീകരിക്കുന്നുണ്ട്. പേര് സൂചിപ്പിക്കുന്നതുപോലെ സംഗതി ശാസ്ത്രീയമാണ്. ശാസ്ത്രത്തിലെ കടിച്ചാൽ പൊട്ടാത്ത കാര്യങ്ങളാണ് മേല്പടിയാൻ എഴുതുന്നത്. മാർച്ച് ലക്കത്തിൽ ആറ്റംബോംബിനേക്കുറിച്ചാണ് എഴുതിയിരിക്കുന്നത്. (കടിച്ചാൽ ശരിക്കും പൊട്ടും). ഇത്തരം ശാസ്ത്ര വിഷയങ്ങളേക്കുറിച്ച് എഴുതാൻ പോൾ ഗോപാലകൃഷ്ണന് ദൈവം സ്പെഷ്യൽ ജ്ഞാനം കൊടുത്തിട്ടുണ്ടത്രേ. (ശാസ്ത്രം പഠിപ്പിക്കലല്ലേ ദൈവത്തിന്റെ പണി).

ശാസ്ത്രത്തിൽ മാസ്റ്റർ ഡിഗ്രിയും ഡോക്ട്രേറ്റും മറ്റും ഉള്ള നിരവധി ആളുകൾ പെന്തക്കോസ്തിലുണ്ട്. ശാസ്ത്രാദ്ധ്യാപകരും കുറവല്ല. അവരാരും ഇങ്ങനെ ശാസ്ത്രം എഴുതി ഷൈൻ ചെയ്യാൻ ശ്രമിക്കാറില്ല. കാരണം അവർക്ക് ശാസ്ത്രം അറിയാം. തങ്ങൾ വലിയ പണ്ഡിതരാണെന്ന് മാലോകരെ കാണിച്ചു കൊടുക്കേണ്ട ആവശ്യം അവർക്കില്ല. പക്ഷേ അതല്ല പോൾ ഗോപാലകൃഷ്ണന്റെ സ്ഥിതി. വെറും ആറാംക്ലാസ്സ് മാത്രമാണ് യഥാർത്ഥ വിദ്യാഭ്യാസം. അറിയാവുന്ന ഏക ജോലി ബീഡിതെറുപ്പും. ദൈവവേല ചെയ്യാൻ ആറാം ക്ലാസ്സ് പോലും ആവശ്യമില്ല. ബീഡിതെറുപ്പുകാരനായിരുന്നു എന്നത് അയോഗ്യതയുമല്ല. പക്ഷേ താൻ വലിയ ശാസ്ത്രപണ്ഡിതനാണെന്ന് വരുത്തി തീർക്കാൻ പോൾ ഗോപാലകൃഷ്ണൻ പെടാപ്പാട് പെടുന്നു. കൺവെൻഷൻ സ്റ്റേജിൽ ദൈവവചനത്തിനു പകരം ശാസ്ത്രം പ്രസംഗിക്കുന്നു. ദൈവം തന്ന ജ്ഞാനമാണിത് എന്ന് പ്രചരിപ്പിക്കുന്നു. പക്ഷേ മറ്റാരേയും പോലെ പോൾ ഗോപാലകൃഷ്ണനും പുസ്തകങ്ങൾ വായിച്ച് നേടിയ അറിവുമാത്രമേ ഉള്ളൂ. അതിന് ദൈവീക പരിവേഷം നൽകി ജനവഞ്ചന നടത്തുകയാണ്.

പോൾ ഗോപാലകൃഷ്ണൻ ശാസ്ത്രത്തേക്കുറിച്ച് പറയുന്നത് ദൈവനാമം മഹത്വപ്പെടാനല്ല സ്വന്തം നാമം മഹത്വപ്പെടാനാണ്. ദൈവവചനം പറയേണ്ടിടത്ത് ശാസ്ത്രം പറഞ്ഞാൽ ഒരുവിധത്തിലുള്ള ആത്മീയ നേട്ടവും ഉണ്ടാകുകയില്ല. ''ഹോ, പോൾ ഗോപാലകൃഷ്ണന്റെ പാണ്ഡിത്യമേ'' എന്നു പറഞ്ഞ് മുണ്ടിയപ്പള്ളി സഭയിലെ വിഡ്ഢികൾ വായും പിളർന്ന് നിൽക്കും എന്നതിൽ കവിഞ്ഞ് ഒരു നേട്ടവും ശാസ്ത്രപ്രസംഗം കൊണ്ട് ഉണ്ടാകുകയില്ല.

# നോബിളിന് എന്തുപറ്റി?

നോബിൾ പി. തോമസിന് എന്തുപറ്റി? പലരും ഇപ്പോൾ ഇങ്ങനെ ചോദിക്കുന്നു. എന്തോ പറ്റി എന്ന് തീർച്ച. അത് എന്താണെന്നു മാത്രം മിക്കവർക്കും പിടി കിട്ടുന്നില്ല. അതുകൊണ്ട് നോബിളിന് പറ്റിയത് എന്താണെന്ന് ഡിഫെൻഡർ പറയാം.

ദൈവവചനം പഠിക്കാതെ പ്രസംഗിക്കാൻ ഇറങ്ങി. വായിൽ തോന്നിയതെല്ലാം പ്രസംഗിച്ചു നടന്നു. ഉണർവ്വിന്റെ പരിവേഷം ഉണ്ടായിരുന്നതുകൊണ്ട് നല്ല സ്വീകാര്യത ലഭിച്ചു. പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും വിവേചനവരമില്ലാത്തതുകൊണ്ട് നോബിളിന് ഉണർവ്വ് പ്രസംഗകനായി ഷൈൻ ചെയ്യാൻ ബുദ്ധിമുട്ടുണ്ടായില്ല.

അർഹിക്കാത്ത പ്രശസ്തിയും അംഗീകാരവും ലഭിച്ചപ്പോൾ എന്തും ആകാം എന്ന സ്ഥിതിയിലായി. കുറഞ്ഞപക്ഷം ഒരു ഹെലികോപ്ടർ എങ്കിലും ഇല്ലാതെ പറ്റില്ലെന്നു തോന്നി. സ്വന്തമായി ഒരു വിമാനത്താവളം വേണമെന്നും തോന്നി. മഠത്തിലമ്മയെ കണ്ടപ്പോൾ ഏറെ ബോധിച്ചു. അങ്ങനെ അവരുടെ പ്രചാരകനുമായി. വചനം പഠിക്കാതെ ദൈവവേലയ്ക്കിറങ്ങിയാൽ ഇതൊക്കയാകും ഫലം.

# മഠത്തിലമ്മ എവിടെ?

മഠത്തിലമ്മയ്ക്ക് എന്തുപറ്റി? ഈയിടെയായിട്ട് കേൾക്കാനില്ലല്ലോ. മഠത്തിലമ്മയെ കേരളത്തിൽ അവതരിപ്പിച്ച ടി.ജെ.ശാമുവലും കൂട്ടരും അവരെ കൈവിട്ട മട്ടാണ്.

എ.ജി പ്രസ്ഥാനം സ്പോൺസർ ചെയ്ത തട്ടിപ്പായിരുന്നു മഠത്തിലമ്മയുടേത്. അടുത്ത 14 വർഷം കൊണ്ട് ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകുമെന്ന് മഠത്തിലമ്മക്ക് വെളിപ്പാട് കിട്ടിയത്രേ. ഇതുപോലൊരു വെളിപ്പാട് ചില വർഷങ്ങൾക്കു മുൻപ് ടി.ജെ ശാമുവലിനും കിട്ടിയത്രേ. അങ്ങനെ എ.ജി പ്രസ്ഥാനം മഠത്തിലമ്മയെ വെളിപ്പാട് സഹിതം ഏറ്റെടുത്തു. എ.ജി ജനറൽ കൺവെൻഷന് അവതരിപ്പിച്ചു. വിവരംകെട്ട വി.റ്റി.ഏബ്രഹാം അത് ഏറ്റുപിടിച്ചു. അങ്ങനെ മഠത്തിലമ്മ കേരളത്തിൽ എമ്പാടും കറങ്ങി നടന്നു. പക്ഷേ ഇപ്പോൾ എല്ലാം ശമിച്ച മട്ടാണ്. മഠത്തിലമ്മ ഇപ്പോൾ എവിടെയാണെന്ന് അറിഞ്ഞുകൂടാ. എവിടെയായാലും അവരുടെ വെളിപ്പാടിന് വലിയ ജനപിൻതുണയൊന്നും ഇല്ലെന്ന് വ്യക്തമായിക്കഴിഞ്ഞു.

# യാത്രാവിവരണം പൊടിപൂരം

മിക്ക പെന്തക്കോസ്ത് പത്രങ്ങളിലും ഇപ്പോൾ യാത്രാവിവരണം കാണാം. വെറും യാത്രയല്ല വിശുദ്ധനാട് സന്ദർശിച്ച വിവരണമാണുള്ളത്. പി.സി.ഐയുടെ നേതൃത്വത്തിൽ പെന്തക്കോസ്ത് വിശുദ്ധൻമാർ വിശുദ്ധനാട് സന്ദർശിക്കയുണ്ടായി. അതിന്റെ വിവരണമാണ് പത്രമായ പത്രമെല്ലാം നിറഞ്ഞു നിൽക്കുന്നത്.

പെന്തക്കോസ്തുകാരും അല്ലാത്തവരുമായ നിരവധി ആളുകൾ വിശുദ്ധനാട് സന്ദർശിച്ചിട്ടുണ്ട്. അവരിൽ പലരും യാത്രാവിവരണം എഴുതിയിട്ടുമുണ്ട്. ലേബർ ഇന്ത്യയുടെ വകയായി ഒന്നാംതരം വി.സി.ഡിയും ലഭ്യമാണ്. അതുകൊണ്ടൊന്നും പോരാ എന്ന മട്ടിലാണ് പെന്തക്കോസ്ത് പത്രങ്ങൾ യാത്രാവിവരണം പൊടിപൊടിക്കുന്നത്. എന്തോ അസാദ്ധ്യ കാര്യം സാധിച്ച മട്ടിലാണ് വിവരണം.

വിശുദ്ധനാട് സന്ദർശനം പി.സി.ഐ ഒരു തുടർക്കഥ ആക്കാനാണ് പരിപാടി എന്നു തോന്നുന്നു. അടുത്ത മാസം രണ്ടാമത്തെ യാത്ര ഉണ്ടാകും. അക്കൂട്ടത്തിലുള്ള ചിലരും യാത്രാവിവരണം എഴുതും. ഇതെല്ലാംകൂടി പ്രസിദ്ധീകരിക്കാൻ പത്രങ്ങൾ തികയുകയില്ല എന്നതുമാത്രമാണ് പ്രശ്നം.

# എം.എ. വർഗീസ് ശാസ്ത്രജ്ഞനല്ല

റവ.ഡോ.എം.എ.വർഗീസ് എന്ന കള്ളന് ഡോക്ട്രേറ്റുമില്ല ഡിഗ്രിയുമില്ല വെറും പത്താംക്ലാസ്സേ ഉള്ളൂ എന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ലെന്നറിയാം. എങ്കിലും സംഗതി സത്യമാണ്. താൻ ശാസ്ത്രജ്ഞനായിരുന്നു എന്ന് ഇയാൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും ഒരു സാധാരണ ജോലിക്കാരൻ മാത്രമായിരുന്നു ഇയാൾ.

ഇല്ലാത്ത ഡിഗ്രി ഉണ്ടെന്നു പ്രചരിപ്പിച്ച് നിരവധിയാളുകൾ പെന്തക്കോസ്തിൽ ഷൈൻ ചെയ്യുന്നുണ്ട്. സുരേഷ് ബാബു തന്നെ നല്ല ഉദാഹരണം. കെ.ഒ.തോമസിന്റെ കാര്യവും തഥൈവ. ഇക്കൂട്ടത്തിലുള്ള ഒരു കള്ളനാണ് എം.എ.വർഗീസ്. വെറും പത്താംക്ലാസ്സുകാരനായ ഇയാൾ ശാസ്ത്രജ്ഞനായിരുന്നു എന്നത്രേ പ്രചരണം. ജോലി രാജിവെച്ച് സുവിശേഷവേലയ്ക്ക് ഇറങ്ങിയത്രേ. ഇപ്പോൾ ഇതാ ഡോക്ട്രേറ്റും. എല്ലാം ശുദ്ധ പൊളി. ഒന്നാംതരം ഒരു തട്ടിപ്പുകാരൻ മാത്രമാണ് എം.എ.വർഗീസ്. ഇയാൾക്ക് രോഗശാന്തിവരമുണ്ട് എന്ന പ്രചരണവും ശരിയല്ല. രോഗശാന്തിയുടെ പേരിൽ ജനവഞ്ചന നടത്തുന്നതിൽ ഇയാൾ മിടുക്കനാണെന്നു മാത്രം.

# ബാബു ജോർജിന്റെ ശൈലി ഗംഭീരം

''ഓമനയ്ക്കും ബാബു ജോർജിനും റെജി മാത്യുവിനും അനുമോദനം'' എന്ന തലക്കെട്ടിൽ ഒരു കത്ത് ക്രൈസ്തവചിന്തയുടെ ഏപ്രിൽ ലക്കത്തിൽ കണ്ടു. പക്ഷേ റെജി മാത്യുവിനേക്കുറിച്ച് ഒരു വാക്കുപോലും കത്തിൽ കണ്ടില്ല. എന്നാൽ ബാബു ജോർജിനേക്കുറിച്ച് നന്നായി എഴുതിയിട്ടുണ്ട്:

''കുഞ്ഞുങ്ങളെ പരിപാലിക്കാനും പരിരക്ഷിക്കാനുമായി വിവിധ പദ്ധതികൾ രൂപകല്പന നടത്തിക്കഴിഞ്ഞു എന്ന് വായിച്ചു. പാസ്റ്റർ ബാബു ജോർജിന്റെ ശുശ്രൂഷാശൈലി അറിയാവുന്നവർക്ക് ഇത്തരം ആവശ്യമായ പ്രവർത്തനങ്ങൾ അദ്ദേഹം ചെയ്യുന്നതിൽ അത്ഭുതം തോന്നുകയില്ല. ദൈവവേലയ്ക്കു ലഭിക്കുന്ന പണം സ്വന്തകാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് വചനവിരുദ്ധമാണെന്ന് പറയാൻ ധൈര്യം കാട്ടിയതിൽ സന്തോഷമുണ്ട്. (സൂസൻ മാത്യു, മാവേലിക്കര).''

സംഗതി അസ്സലായി എന്ന് പറയാതെ വയ്യ. ബാബു ജോർജ് പറയുന്നതെല്ലാം സത്യമാണെന്ന് സൂസൻ വിശ്വസിച്ചെന്നു തോന്നുന്നു. ബാബു ജോർജ് ഒന്നാംതരം കള്ളനാണെന്ന വസ്തുത സൂസനേപ്പോലുള്ളവർ അറിയണം. സംശയമുണ്ടെങ്കിൽ ഒരു പരീക്ഷണം ആകാം. വടക്കേ ഇന്ത്യയിൽ എവിടെയോ ഒരു അനാഥശാല ബാബു ജോർജ് നടത്തുന്നതായി ക്രൈസ്തവചിന്തയിലെ സപ്ലിമെന്റിൽ പറഞ്ഞിരുന്നല്ലോ. ആ അനാഥശാല നേരിൽ കാണാൻ ശ്രമിച്ചുനോക്കൂ. കടലാസിൽ അല്ലാതെ ഈ ഭൂലോകത്തെങ്ങും അത്തരത്തിൽ ഒരു സ്ഥാപനം സൂസനെന്നല്ല ആരും കാണുകയില്ല. ബാബു ജോർജ് പച്ചക്കളളം പറയുകയായിരുന്നു.

പത്താംക്ലാസ്സിൽ തോറ്റ ബാബു ജോർജ് ഇന്ന് ഡാക്കിട്ടറാണ്. കൃപാവരങ്ങളുടെ നിറകുടമാണ്. ഊതിവീഴ്ത്ത് വീരനാണ്. കടലാസ്സുകളിൽ മാത്രമുള്ള അനാഥശാലകളുടെ നടത്തിപ്പുകാരനാണ്. അത്ഭുതവീരനാണ്. അങ്ങനെ പലതുമാണ്. പക്ഷേ ഇതെല്ലാം ശുദ്ധ തട്ടിപ്പാണ്. ദൈവനാമത്തിൽ തട്ടിപ്പ് നടത്തി ഉപജീവനം കഴിക്കുന്ന കള്ളൻമാരിൽ പ്രധാനിയാണ് ബാബു ജോർജ്. സുവിശേഷവേലയുടെ മറവിൽ പണം പിരിച്ച് കീശയിലാക്കുന്ന ഈ നീചൻ പറയുന്നത് വിശ്വസിച്ച് വിഡ്ഢികളായവരിൽ ഒരാൾ മാത്രമാണ് സൂസൻ.

(ബാബു ജോർജിനെ നന്നായി അറിയാവുന്ന റസ്സൽ എന്തുകൊണ്ട് ഈ കള്ളനെ ഇങ്ങനെ വിശുദ്ധനായി അവതരിപ്പിക്കുന്നു എന്ന് മനസ്സിലാകുന്നില്ല.)

# ചുമ്മാഡോ തോമസ്കുട്ടിക്ക് വ്യാജഭാവം അശ്ശേഷമില്ല

ചെകുത്താൻ വേദം ഓതുന്നത് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അത്തരം ഒരു സംഭവം കഴിഞ്ഞയാഴ്ച ചവർ ചാനലിൽ കാണുവാൻ ഇടയായി. സ്വർഗ്ഗീയ വിരുന്നിലെ തോമസ്കുട്ടിയാണ് ചെകുത്താന്റെ ഭാഗം അഭിനയിച്ചത്.

എല്ലാ വ്യാജഭാവവും നീക്കിക്കളയുക എന്നതായിരുന്നു തോമസ് കുട്ടിയുടെ പ്രസംഗവിഷയം. വ്യാജഭാവം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും വിശ്വാസികൾ വ്യാജഭാവങ്ങൾ നീക്കിക്കളയണമെന്നും ഒക്കെ തോമസ്കുട്ടി വാചാലമായി വിവരിച്ചു. സംഗതി ഉഗ്രൻ എന്ന് ആരും പറഞ്ഞുപോകും.

ഇതൊക്കെ കേട്ടപ്പോൾ ഡിഫെൻഡറിന് ഒരു സംശയം: വ്യാജ ഡോക്ട്രേറ്റുമായി നടക്കുന്നത് വ്യാജഭാവത്തിന്റെ പരിധിയിൽ വരുമോ? വരുമെങ്കിൽ തോമസ്കുട്ടിയോടും തങ്കുവിനോടും ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: ''വൈദ്യൻമാരേ, നിങ്ങൾ സ്വയം ചികിത്സിക്കുക''.

തങ്കുവും തോമസ് കുട്ടിയും ഡോക്ടർമാരാണ്. എങ്ങനെ ഇവർ ഡോക്ടർമാരായി? വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്തോ? ഇല്ലെന്നു വ്യക്തം. ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി എടുത്തോ? അതുമില്ല. ഏതോ തട്ടിപ്പു സ്ഥാപനത്തിൽ നിന്നും ഡോക്ട്രേറ്റ് പണം കൊടുത്തുവാങ്ങി ഡോക്ടർമാരായി. ഇത് വ്യാജഭാവത്തിന്റെ പരിധിയിൽ വരില്ലേ തോമസ്കുട്ടീ?


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്. ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# ഗൾഫ് വിശേഷങ്ങളും അല്പം

കഴിഞ്ഞ മാസം ഞാൻ (റ്റി.എസ്.ബാലൻ) ഒരു ഗൾഫ് പര്യടനം നടത്തി. ഗൾഫ് എന്നതുകൊണ്ട് യു.എ.ഇ എന്നുമാത്രമേ അർത്ഥമാക്കുന്നുളളൂ. ഖത്തർ, കുവൈറ്റ്, ഒമാൻ എന്നീ ഗൾഫ് രാജ്യങ്ങൾ ഞാൻ ഏഴു വർഷം മുൻപ് സന്ദർശിച്ചിട്ടുണ്ട്. ഇനി ബഹ്റിൻ, സൗദി എന്നിവ ബാക്കിയുണ്ട്.

ഏതാനും വർഷം മുൻപ് ഞാൻ ബാങ്കിൽ നിന്ന് ലോൺ എടുത്ത് ഒരു പ്രസ്സ് വാങ്ങിയിരുന്നു. മാസംതോറും ഒരു നിശ്ചിത തുക ബാങ്കിൽ കൊടുക്കേണ്ടതുണ്ട്. എന്നാൽ അത് കൃത്യമായി കൊടുക്കാൻ എനിക്ക് കഴിയാറില്ല. മാർച്ച് 31ന് സാമ്പത്തിക വർഷം അവസാനിക്കുന്നതുകൊണ്ട് അന്നുവരെയുള്ള കണക്കുകൾ തീർക്കണം എന്ന് ബാങ്ക് അധികൃതർ എന്നെ അറിയിച്ചു. അതിനുള്ള വഴിയൊന്നും കാണാതിരുന്നപ്പോഴാണ് ഒരു ഗൾഫ് പര്യടനം നടത്താൻ തോന്നിയത്. ''വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ'' എന്ന പേരിൽ ഞാൻ ഇറക്കിയ സി.ഡികൾ യു.എ.ഇയിൽ പലരും ആവശ്യപ്പെട്ടിരുന്നു. അവർക്ക് സി.ഡി കൊടുക്കാം. മറ്റുള്ളവർക്കും കൊടുക്കാം. അങ്ങനെ ബാങ്കിൽ അടയ്ക്കാനുള്ള പണം ഉണ്ടാക്കാം. ഇതായിരുന്നു പദ്ധതി.

സുവിശേഷസ്നേഹിയായ ഒരാൾ വിസയും താമസസൗകര്യവും ക്രമീകരിച്ചുതന്നു. അങ്ങനെ ഞാൻ യു.എ.ഇയിൽ എത്തി. സി.ഡിക്ക് നല്ല സ്വീകാര്യത ലഭിച്ചു. ബാങ്കിൽ അടയ്ക്കാനുള്ള പണം ഒരു മാസം കൊണ്ട് കിട്ടി. ടിക്കറ്റ് ഒ.കെ ആക്കാൻ 10 ദിവസംകൂടി വേണ്ടിവന്നു. അങ്ങനെ 40 ദിവസം യു.എ.യിൽ കഴിച്ചുകൂട്ടിയിട്ട് ഞാൻ മടങ്ങി. രണ്ടു മാസം അവിടെ കഴിയാനുള്ള വിസ ഉണ്ടായിരുന്നു. ഒരു മാസം കൂടി വിസ ദീർഘിപ്പിക്കയും ചെയ്യാമായിരുന്നു. പക്ഷേ പണത്തിന്റെ പിന്നാലെ പോകാൻ എനിക്ക് മനസ്സില്ലാതിരുന്നതുകൊണ്ട് ആവശ്യത്തിൽ അധികം കാലം അവിടെ നിന്നില്ല.

നിരവധി സഭകളിൽ എന്നെ പ്രസംഗിക്കാൻ വിളിച്ചെങ്കിലും ഞാൻ ഒരിടത്തും പ്രസംഗിക്കാൻ പോയില്ല. ഞാൻ നിരപരാധിയാണെന്ന് കോടതി വിധിക്കുന്നതുവരെ ഒരു പൊതുവേദിയിലും പ്രസംഗിക്കുകയില്ല എന്ന് ഞാൻ തീരുമാനിച്ചിട്ടുണ്ട്.

പണത്തിനുവേണ്ടി ഞാൻ ഒരുവിധത്തിലുള്ള അടവുകളും പ്രയോഗിച്ചില്ല. ഡിഫെൻഡറിന്റെ അവസാന പേജിൽ കാണുന്ന പരസ്യം ഒരു നോട്ടീസ് രൂപത്തിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു. സി.ഡികൾ വിൽക്കാൻ എന്റെ ചില സുഹൃത്തുക്കളും സഹായിച്ചു. അങ്ങനെ ബാങ്കിൽ കൊടുക്കാനുള്ള പണം ലഭിക്കയും ചെയ്തു.

ഞാൻ ഗൾഫിൽ എത്തി എന്ന് അറിഞ്ഞതോടെ സാത്താനും അവന്റെ ദാസൻമാരും കോപിച്ചു. ഞാൻ ജയിലിലാണ് എന്നത്രേ സാത്താൻ ഗൾഫിലുള്ളവരെ ധരിപ്പിച്ചിരുന്നത്. പക്ഷേ ഞാൻ ഗൾഫിൽ എത്തിയതോടെ ഈ ഭോഷ്ക്ക് തകർന്നു. മാത്രമല്ല പലരും എന്നെ നേരിൽ കണ്ട് കാര്യങ്ങൾ ചോദിച്ചറിയുകയും സത്യം ബോദ്ധ്യപ്പെടുകയും ചെയ്തു. ഇത് തടയാൻ സാത്താൻ പരമാവധി ശ്രമിച്ചെങ്കിലും വിജയിച്ചില്ല. പൊതുവേദികളിൽ പ്രസംഗിക്കുകയില്ല എന്ന് ഞാൻ തീരുമാനിച്ചിരുന്നതുകൊണ്ട് ആ വഴിക്കും സാത്താന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. സി.ഡി വിൽക്കുന്നത് തടയാൻ പറ്റില്ലല്ലോ.

പണമുണ്ടാക്കാനായി ഞാൻ വളഞ്ഞ വഴികളൊന്നും പ്രയോഗിച്ചില്ലെങ്കിലും ഗൾഫ് പര്യടനം നടത്തുന്ന പാസ്റ്റർമാർ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾ നേരിൽ കാണാൻ കഴിഞ്ഞു. മുപ്പതു വെള്ളിക്കാശിന് കർത്താവിനെ വിറ്റ യൂദാസ് ഇവരേക്കാൾ എത്രയോ നല്ലവൻ.

ഗൾഫിലുള്ള വിശ്വാസികൾ വിസിറ്റിംഗ് പാസ്റ്റർമാരെക്കൊണ്ട് പൊറുതി മുട്ടിയിരിക്കയാണ്. ഇവരേക്കുറിച്ച് ഡിഫെൻഡറിൽ എഴുതണമെന്ന് പലരും എന്നോട് ആവശ്യപ്പെടുകയുണ്ടായി. എഴുതിയതുകൊണ്ട് കാര്യമായ പ്രയോജനമൊന്നും ഉണ്ടാകുകയില്ല എന്ന് എനിക്കറിയാം. എങ്കിലും എഴുതുകയാണ്.

ദ്രവ്യാഗ്രഹം സകല ദോഷത്തിനും കാരണമാകുന്നു എന്ന് ദൈവവചനം പറയുന്നു. ഗൗരവമുള്ള പാപങ്ങളായ ദുർന്നടപ്പ്, വിഗ്രഹാരാധന തുടങ്ങിയവയോടൊപ്പമാണ് ദൈവവചനം ദ്രവ്യാഗ്രഹത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷേ നാം ദ്രവ്യാഗ്രഹത്തെ പാപമായി കണക്കാക്കുന്നില്ല. എന്ത് അടവ് പ്രയോഗിച്ചും പണമുണ്ടാക്കുക എന്നത് പാസ്റ്റർമാരുടെ അവകാശമാണ് എന്ന ഭാവത്തിലാണ് പെരുമാറ്റം.

ഗൾഫിലുള്ള വിശ്വാസികളിൽ ഏകദേശം അഞ്ചു ശതമാനം മാത്രമാണ് സാമ്പത്തികമായി നല്ല നിലയിലുള്ളത്. മറ്റൊരു ഇരുപത് ശതമാനം ആളുകൾ ശരാശരി വരുമാനക്കാരാണ്. എന്നാൽ ബാക്കിയുള്ള 75% വിശ്വാസികളും അന്നന്നത്തെ അപ്പത്തിനായി പാടുപെടുന്നവരാണ്. ഇവരുടെ ശരാശരി വരുമാനം ഏകദേശം 10,000 ഇന്ത്യൻ രൂപയാണ്. ഇത് ഇന്ത്യയിൽ വലിയൊരു തുകയാണെങ്കിലും ഗൾഫിൽ അങ്ങനെയല്ല. കട്ടിൽ ഇടാൻ ഉള്ള സ്ഥലം കിട്ടണമെങ്കിൽ ഏകദേശം 3000 രൂപ കൊടുക്കണം. ഭക്ഷണത്തിനും വേണം കുറഞ്ഞപക്ഷം 3000 രൂപ. മറ്റ് ചിലവുകൾ കൂടി കഴിയുമ്പോൾ കഷ്ടിച്ച് 2000 രൂപയാകും. മിച്ചം ഉണ്ടാകുക. അത് വീട്ടിലേക്ക് അയയ്ക്കുകകൂടി ചെയ്യുന്നതോടെ പോക്കറ്റ് കാലിയാകും. ഈ പാവങ്ങളെ വരെ വിസിറ്റിംഗ് പാസ്റ്റർമാർ പിഴിയും എന്നു പറയുമ്പോൾ കാര്യത്തിന്റെ ഗൗരവം മനസ്സിലാകുമല്ലോ.

നാട്ടിൽ നിന്ന് പുറപ്പെടുന്നതിനു മുൻപുതന്നെ പാസ്റ്റർ നൂറുകണക്കിന് ഫോൺ നമ്പറുകൾ ശേഖരിച്ചിരിക്കും. ഗൾഫിൽ എത്തിയാലുടൻ ഫോൺ വിളി ആരംഭിക്കും.

ഇതാ ഒരു സാമ്പിൾ:

ഹലോ, തോമസ് ബ്രദറാണോ?

അതെ. ആരാ വിളിക്കുന്നത്?

എന്റെ പേര് പാസ്റ്റർ ചാക്കോ.

എന്താ വിളിച്ചത്?

ഒന്നു കാണണമല്ലോ.

എന്തിനാ?

ഒന്നു പരിചയപ്പെടാൻ.

എന്തിനാ പരിചയപ്പെടുന്നത്?

നമ്മളൊക്കെ ദൈവമക്കളല്ലേ.

അതെ, പക്ഷേ എന്നെ പരിചയപ്പെടാൻ ആഗ്രഹിക്കുന്നതിന് വിശേഷിച്ച് എന്താ കാരണം?

ബ്രദർ നല്ല ഒരു വിശ്വാസിയാണെന്ന് പലരും എന്നോട് പറഞ്ഞു.

ആരാ എന്റെ ഫോൺ നമ്പർ തന്നത്?

ഒരാള്.

അതാരാണ്?

അത് ഞാൻ പറയുന്നില്ല.

എന്താ പറയാത്തത്?

അത് അങ്ങനെയാ.

ശരി, ഞാൻ പിന്നെ വിളിക്കാം.

പിന്നെ വിളിക്കാം എന്നു പറഞ്ഞത് വിളിക്കാനല്ല എന്ന് ഏതു പമ്പര വിഡ്ഢിക്കും അറിയാം. പക്ഷേ പാസ്റ്റർ വിടില്ല. രണ്ടു ദിവസം കഴിഞ്ഞ് വീണ്ടും വിളിക്കും.

ഹലോ, ഞാൻ പാസ്റ്റർ ചാക്കോയാ. എന്നെ വിളിക്കാമെന്നു പറഞ്ഞിട്ട് വിളിച്ചില്ലല്ലോ.

ഞാൻ അല്പം തിരക്കിലായിരുന്നു.

നമ്മൾ തമ്മിൽ എന്നാണ് കാണുന്നത്?

ഈ ദിവസങ്ങളിൽ ഞാൻ വലിയ തിരക്കിലാണ്.

ഞാൻ അങ്ങോട്ട് വരാം.

ഞാൻ വിളിക്കാം.

പാസ്റ്റർ രണ്ടോ മൂന്നോ ദിവസംകൂടി കാക്കും. വിളി വരാതാകുമ്പോൾ ഒരു ടാക്സി പിടിച്ച് അങ്ങ് ചെല്ലും.

വിളിക്കാമെന്നു പറഞ്ഞിട്ട് വിളിച്ചില്ലലോ. അതുകൊണ്ട് ഞാൻ ഇങ്ങു പോന്നു.

ഞാൻ വിളിച്ചിട്ടേ വരാവൂ എന്ന് പറഞ്ഞതല്ലേ.

എനിക്ക് തിരക്കുണ്ട്. അതുകൊണ്ടാണ് വിളിക്കാതെ വന്നത്.

എന്താ വന്ന കാര്യം?

പരിചയപ്പെടാൻ.

എന്തിനാ പരിചയപ്പെടുന്നത്?

ഈ ചോദ്യത്തിന് പലരും പല വിധത്തിലാണ് പ്രതികരിക്കുക. മറുപടി എന്തുതന്നെ ആയാലും യഥാർത്ഥ ഉത്തരം ഒന്നു മാത്രം. ''നമുക്കും കിട്ടണം പണം''. വല്ലതും കൊടുത്ത് ഒഴിവാക്കാമെന്നു വെച്ചാലും നടപ്പില്ല. തുക കുറഞ്ഞുപോയാൽ പരാതിയായി. പരിഭവമായി.

എങ്ങനെയെങ്കിലും ഒരു വിസ സംഘടിപ്പിച്ച് ഗൾഫിൽ എത്തുന്നവരാണ് ഏറെയും. എന്തെങ്കിലും പരിചയമുള്ള ഒരാളെ കണ്ടെത്തി കൂടെ താമസമാക്കും. അവരുടെ ബുദ്ധിമുട്ടുകളൊന്നും അറിയേണ്ടതില്ല. അപ്പനും അമ്മയും മക്കളും എല്ലാംകൂടി ഒരു കിടപ്പുമുറിയിൽ കഴിഞ്ഞുകൂടുന്ന വീട്ടിൽ ഒരു പാസ്റ്റർ വന്ന് താമസമാക്കിയാലുള്ള ബുദ്ധിമുട്ട് ഊഹിക്കാവുന്നതാണ്. ചില പാസ്റ്റർമാരുടെ കൈയ്യിലിരുപ്പ് അത്ര ശരിയല്ലെന്ന കാര്യം വിശേഷിച്ച് പറയേണ്ടതുമില്ല. ഒന്നും രണ്ടും ദിവസമല്ല, മാസങ്ങളോളം നീളുന്ന ഈ താമസം പാവപ്പെട്ട വിശ്വാസിയുടെ ക്ഷമ പരീക്ഷിക്കലാകും.

ഇതിലും ദയനീയമാണ് മറ്റു ചിലരുടെ സ്ഥിതി. എവിടെനിന്നോ കിട്ടിയ വിസയുമായി ഗൾഫിൽ എത്തി. എയർപോർട്ടിൽ നിന്നും കൂട്ടിക്കൊണ്ടുപോകാൻ പോലും ആളില്ല. എങ്ങോട്ടു പോകണമെന്ന് നിശ്ചയവുമില്ല. ഗൾഫിലെ സഭകളിൽ ശുശ്രൂഷിക്കുന്ന പാസ്റ്റർമാരുടേയും സഭാസെക്രട്ടറിമാരുടേയും ഗതികേട് പറഞ്ഞറിയിക്കാൻ വയ്യ. ദിവസവും പത്ത് വിസിറ്റിംഗ് പാസ്റ്റർമാരെങ്കിലും വിളിക്കും. പ്രോഗ്രാം വേണം. അടുത്ത മൂന്നു മാസത്തേക്കുള്ള എല്ലാ തീയതികളും ബുക്ക് ചെയ്തു കഴിഞ്ഞു എന്ന വസ്തുത പറഞ്ഞതുകൊണ്ടൊന്നും ഫലമില്ല. എങ്ങനെയെങ്കിലും പ്രോഗ്രാം കിട്ടിയേ കഴിയൂ. ഇല്ലെന്ന് പറഞ്ഞ് ഒഴിയാമെന്നു വെച്ചാലും നടക്കില്ല. വീണ്ടും വിളി വരും. ചിലർ ക്ഷണിക്കാതെ വരും. സ്റ്റേജിൽ കയറി ഇരിക്കും. അനുവാദം കൂടാതെ പ്രസംഗിക്കുന്നവർ വരെയുണ്ട്.

യോഗം കഴിഞ്ഞാലുള്ള കളിയാണ് സാക്ഷാൽ കളി. വിസിറ്റിംഗ് പാസ്റ്റർ അവിടെ ചുറ്റിക്കറങ്ങി നടക്കും. എല്ലാവരേയും പരിചയപ്പെടും. തന്റെ കദനകഥകൾ വിവരിക്കും. പണം പിടുങ്ങാനുള്ള എല്ലാ അടവും പ്രയോഗിക്കും.

കുമ്പനാട് ഭാഗത്തുള്ള ഒരു പാസ്റ്റർ തന്റെ കഥ നോട്ടീസാക്കി അടിച്ചുകൊണ്ടാണ് എത്തിയത്. ആരാധന കഴിഞ്ഞ് വരുന്ന സഹോദരങ്ങൾക്ക് ഇയാൾ നോട്ടീസ് കൊടുത്തിട്ട് കൈ നീട്ടും. എന്തെങ്കിലും കൊടുക്കാതിരിക്കുന്നതെങ്ങനെ? ബസ് സ്റ്റാന്റിലും മറ്റും നോട്ടീസ് കൊടുത്ത് തെണ്ടുന്നവർ ഈ പാസ്റ്ററേക്കാൾ എത്രയോ മാന്യരാണ്. കുറഞ്ഞപക്ഷം അവർ കർത്താവിന്റെ നാമമെങ്കിലും ഉപയോഗിക്കുന്നില്ലല്ലോ.

വളരെക്കാലം ദൈവവേല ചെയ്ത പാസ്റ്റർമാർ ഉപജീവനത്തിനായി അല്പം പണമുണ്ടാക്കാൻ ഗൾഫിൽ എത്തുന്നത് ഒരളവോളമെങ്കിലും അംഗീകരിക്കാം. പക്ഷേ വെറും പയ്യൻമാർ ഗൾഫ് പര്യടനത്തിന് ഇറങ്ങുന്നത് അംഗീകരിക്കാൻ ഗൾഫിലുള്ളവർ പോലും തയ്യാറല്ല. ഇത്തരക്കാർക്ക് കാര്യമായി ഒന്നും കിട്ടാറുമില്ല. ഇങ്ങനെയുള്ള ഒരു വിദ്വാന്റെ കഥ ഇതാ:

രക്ഷിക്കപ്പെട്ടിട്ട് മൂന്നു കൊല്ലമായി. പ്രായം വളരെ കുറവ്. എങ്കിലും വിവാഹിതനാണ്. കഴിഞ്ഞ വർഷം കുമ്പനാട്ടുള്ള ഒരു ബൈബിൾ കോളേജിൽ ചേർന്നു. ഒരു വർഷത്തെ പഠനം കഴിഞ്ഞു. ഇനി ക്ലാസ്സ് ഏപ്രിൽ ഒന്നിന് ആരംഭിക്കും. ഇദ്ദേഹത്തിന് ഗൾഫിൽ വലിയൊരു ശുശ്രൂഷയുണ്ട് എന്ന് പല പ്രവാചകൻമാരും പറഞ്ഞു. അതുകൊണ്ട് ഒരു വിസ സംഘടിപ്പിച്ച് ഗൾഫിൽ എത്തിയിരിക്കയാണ്. വിസക്കും ടിക്കറ്റിനും മറ്റുമായി അൻപതിനായിരും രൂപ ചെലവായി. ഞാൻ ഇയാളേക്കുറിച്ച് അറിയുന്ന സമയത്ത് 30,000 രൂപ കിട്ടിയിരുന്നു. മുടക്കുമുതൽ കൈയ്യിൽ എത്തണമെങ്കിൽ 20,000 കൂടി ലഭിക്കണം. പിന്നെ വല്ലതും കിട്ടിയാൽ ലാഭം.

ഗൾഫിൽ പ്രവാചകൻമാർക്ക് നല്ല ഡിമാന്റാണ്. ഏതു കള്ളനേയും സ്വീകരിക്കാൻ വിശ്വാസികൾ തയ്യാർ. കുപ്രസിദ്ധ ദുർന്നടപ്പുകാരനും കള്ളപ്രവാചകനുമായ സാമച്ചന് നല്ല സ്വീകരണം ലഭിക്കുന്നു. സുരേഷിനെ സ്വീകരിക്കാൻ ഇന്നും ആയിരങ്ങളുണ്ട്. എം.എ.വർഗീസെന്ന കള്ളന് ഇപ്പോഴും സ്റ്റേജ് കിട്ടുന്നു. സഭാനേതാക്കൻമാരായ കള്ളൻമാർക്ക് ഒന്നും മുട്ടില്ല. ഇതൊക്കെ കണ്ട് സാധാരണക്കാരായ പാസ്റ്റർമാരും ഗൾഫിലെത്തുന്നതോടെ പ്രവാചകൻമാരാകുന്നു.

ഗൾഫിൽ എത്തിയപ്പോൾ പ്രവാചകനായ ഒരു വീരൻ ഒരു സഹോദരനെ ഫോണിൽ വിളിച്ചു:

ഹലോ, ജേക്കബ് അച്ചായനാണോ?

അതെ, ആരാ വിളിക്കുന്നത്?

ഞാൻ വിസിറ്റിന് വന്ന ഒരു പാസ്റ്ററാ. അച്ചായനോട് ചില ദൈവാലോചന പറയാനുണ്ട്.

എന്താണത്?

അച്ചായനെ ദൈവം അനുഗ്രഹിക്കാൻ പോകുകയാ.

എന്റെ ദൈവം എന്നെ ഇന്നുവരെ ശപിച്ചിട്ടില്ല, അനുഗ്രഹിച്ചിട്ടേയുള്ളൂ.

അതല്ല, ചില പുതിയ അനുഗ്രഹങ്ങൾ തരാൻ പോകുകയാ.

ശരി, തന്നോട്ടെ.

നമുക്ക് തമ്മിൽ ഒന്ന് കാണണം.

എന്തിനാ?

ദൈവാലോചന അറിയിക്കാൻ.

അതല്ലേ ഇപ്പോൾ പറഞ്ഞത്?

അതു മാത്രമല്ല, ഇനിയും പറയാനുണ്ട്.

ശരി, പറഞ്ഞുകൊള്ളൂ.

അത് നേരിൽ പറയാം.

ഫോണിൽ പറയുന്നതിന് എന്താ തടസ്സം?

ജേക്കബ് അച്ചായൻ ഇങ്ങനെ ചോദിക്കാൻ തുടങ്ങിയാൽ പാവം പ്രവാചകൻ കുഴയും. ''അനുഗ്രഹം ബഹുകേമം, നമുക്കും കിട്ടണം പണം'' എന്നതാണല്ലോ പ്രവാചകന്റെ മുദ്രാവാക്യം. ഫോണിൽ കൂടി ദൂത് പറഞ്ഞാൽ കിട്ടാനുള്ളത് കിട്ടുമോ? കിട്ടാനുള്ളത് കിട്ടാതെ കിട്ടന് വിടകൊള്ളാനാകുമോ?

ഗൾഫിലോ അമേരിക്കയിലോ പര്യടനം നടത്തുന്നത് തെറ്റാണെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ഗൾഫിൽ പോയി വന്നിട്ടാണല്ലോ ഞാൻ ഈ ലേഖനം എഴുതുന്നത്. ഗൾഫിലെന്നല്ല എവിടെ പോയാലും നാം പൗലോസിന്റെ വാക്കുകൾ മറക്കരുത്: ''ഞങ്ങൾ ആത്മീയമായത് നിങ്ങൾക്കു വിതച്ചിട്ട് നിങ്ങളുടെ ഭൗതീകമായത് കൊയ്താൽ വലിയ കാര്യമോ?''. 1കൊരി 9:11.

ആത്മീയമായത് വിതച്ചിട്ട് മാത്രമേ ഭൗതീകമായത് കൊയ്യാവൂ. കളളം പറഞ്ഞോ കളളപ്രവചനം പറഞ്ഞോ തറവേലകൾ ഇറക്കിയോ പണം ഉണ്ടാക്കാൻ ശ്രമിക്കരുത്.

ഞാൻ സി.ഡി കൊടുത്ത് വില വാങ്ങി. വളരെ പണം ചെലവഴിച്ചും ഏറെ പഠനങ്ങൾ നടത്തിയുമാണ് ഞാൻ സി.ഡികൾ ഉണ്ടാക്കിയത്. അത് വാങ്ങിയ ആർക്കും തങ്ങളുടെ പണം നഷ്ടമായിട്ടില്ല എന്ന് ഉറപ്പാണ്. കാരണം, അത്രയധികം ആത്മീയ വിഷയങ്ങൾ ആ സി.ഡികളിൽ ഉണ്ട്. സി.ഡികൾ കേട്ടിട്ട് പലരും വന്ന് സി.ഡികൾ വാങ്ങുകയുണ്ടായി. ദൈവം ഏല്പിച്ച ശുശ്രൂഷ ഉള്ളവർ ഗൾഫ് പര്യടനം നടത്തുന്നതുകൊണ്ട് ഗൾഫിലെ വിശ്വാസികൾക്ക് ആത്മീയ വളർച്ച ഉണ്ടാകും. പക്ഷേ ശുശ്രൂഷ ഇല്ലാത്തവർ, ആത്മീയം വിതക്കാൻ കഴിവില്ലാത്തവർ, ദയവായി വിദേശ പര്യടനം നടത്തി ദൈവമക്കളെ ബുദ്ധിമുട്ടിക്കരുത്.

(ഗൾഫ് പര്യടനത്തിനിടയിൽ എന്നോട് ദൈവമക്കൾ ചോദിച്ച നിരവധി ചോദ്യങ്ങളുണ്ട്. അവയ്ക്കെല്ലാം ഞാൻ മറുപടി കൊടുക്കുകയും ചെയ്തു. അവയിൽ പ്രധാനപ്പെട്ട ചില ചോദ്യങ്ങളും അവയ്ക്കുളള ഉത്തരങ്ങളും അടുത്ത ലക്കത്തിൽ).

RNI No. 68089 / 97
2007 April 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# നൂറ് പ്രസംഗങ്ങളും പ്രഭാതധ്യാനവും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ ടി.എസ്. ബാലൻ എന്ന ഈയുള്ളവൻ പുറത്തിറക്കിയ സി.ഡികൾ ഒട്ടേറെ ദൈവമക്കൾക്ക് പ്രയോജനം ചെയ്തു. അതുകൊണ്ട് മറ്റു ചില സി.ഡികൾ കൂടി പുറത്തിറക്കാൻ ഞാൻ പദ്ധതിയിടുകയാണ്.

സാധാരണക്കാരായ വിശ്വാസികളും ശുശ്രൂഷകൻമാരും അറിഞ്ഞിരിക്കേണ്ട വിഷയങ്ങളാണ് വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന സി.ഡിയിൽ ഉള്ളത്. ദൈവവചനം പഠിപ്പിക്കുക എന്നതായിരുന്നു ഈ സി.ഡികളുടെ ലക്ഷ്യം. ആ ലക്ഷ്യം നേടുകയും ചെയ്തു. അതുകൊണ്ട് ഇനി അല്പം പ്രസംഗം ആകാം എന്ന് കരുതുന്നു.

പ്രസംഗവിഷയം ഇല്ലാതെ കഷ്ടപ്പെടുന്ന ശുശ്രൂഷകൻമാരുടെ സംഖ്യ ചെറുതല്ല. പഴയനിയമത്തിലെ കഥകൾ നൂറ്റൊന്ന് ആവർത്തിച്ചതാണ് പെന്തക്കോസ്ത് പ്രസംഗങ്ങളിൽ ഭൂരിപക്ഷവും. പൊടിപ്പും തൊങ്ങലും വെച്ച് കഥ പറഞ്ഞ് പ്രസംഗകർ ബോറടിപ്പിക്കുന്നു. പ്രസംഗത്തിനുള്ള കുറിവാക്യം വായിച്ചു കഴിയുമ്പോൾത്തന്നെ പ്രസംഗം എന്തെന്ന് ഏവർക്കും മനസ്സിലാകുകയും ചെയ്യും. ഇങ്ങനെ പഴയനിയമം നിരന്തരം കേട്ടുകൊണ്ടിരിക്കുന്ന വിശ്വാസികൾ പഴയനിയമത്തിലെ കല്പനകളെല്ലാം പുതിയനിയമവിശ്വാസികൾ അനുസരിക്കേണ്ടതാണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാകുന്നു. അറിയേണ്ടത് അവർ അറിയാതെ പോകുകയും ചെയ്യുന്നു. പുതിയനിയമത്തിൽ നിന്ന് പ്രസംഗിക്കാനുള്ള അറിവ് ശുശ്രൂഷകരിൽ ഭൂരിപക്ഷത്തിനും ഇല്ലാത്തതാണ് കാരണം.

വളരെ അപൂർവ്വമായി ചിലർ പുതിയനിയമത്തിൽ നിന്ന് പ്രസംഗിക്കാറുണ്ട്. പക്ഷേ ദൈവവചനം വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന് അറിയാത്തതുമൂലം സ്ഥാനത്തും അസ്ഥാനത്തും അവർ നിഴലും പൊരുളും കൊണ്ടുവരും. പത്ത് കന്യകമാർ, ശമര്യാക്കാരൻ, പൗലോസിന്റെ യാത്ര, ഈശാനമൂലൻ തുടങ്ങിയതെല്ലാം വ്യാഖ്യാനിച്ച് കാടുകയറും. അങ്ങനെ ഈ വാക്യങ്ങൾക്ക് ഇല്ലാത്ത അർത്ഥം കൊടുക്കുന്നതുമൂലം ദൈവവചനത്തോട് കൂട്ട് ചേർക്കാൻ ഇടയാകുന്നു. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്. ദൈവവചനം തെറ്റായി വ്യാഖ്യാനിക്കണമെന്ന് ഒരു ദൈവദാസനും ആഗ്രഹിക്കുമെന്ന് തോന്നുന്നില്ല. പക്ഷേ അജ്ഞത മൂലം ഇവർ തെറ്റുചെയ്യുകയാണ്.

ഈ ദുസ്ഥിതിക്ക് ഒരളവോളമെങ്കിലും പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 100 പ്രസംഗങ്ങൾ എം.പി.3 ഫോർമാറ്റിൽ പുറത്തിറക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ പ്രസംഗവിഷയങ്ങളും പുതിയനിയമത്തിൽ നിന്ന് എടുക്കുന്നതാണ്. പഴയനിയമത്തിൽ നിന്നും ദൃഷ്ടാന്തങ്ങൾ സ്വീകരിക്കും. വ്യാഖ്യാനശാസ്ത്രത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ളവയായിരിക്കും ഈ പ്രസംഗങ്ങൾ. ഏകദേശം ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള ഈ പ്രസംഗങ്ങൾ 10 സി.ഡികളിലാക്കി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ സി.ഡികൾ വാങ്ങുന്ന ശുശ്രൂഷകൻമാർക്ക് 100 പ്രസംഗങ്ങളും വിശ്വാസികൾക്ക് ആത്മീക വർദ്ധനയ്ക്കു സഹായകമായ 100 ദൂതുകളും ലഭിക്കും. വില: ഒരു സി.ഡിക്ക് 100 രൂപ. 10 സിഡികൾക്ക് 1000 രൂപ. ഇപ്പോൾ പണം അയയ്ക്കുന്നവർ 750 രൂപ അയച്ചാൽ മതിയാകും. പ്രസിദ്ധീകരണം: 2007 ജൂലൈ 31.

വർഷം മുഴുവൻ ഉപയോഗിക്കാവുന്ന പ്രഭാതധ്യാനമാണ് മറ്റൊരു പദ്ധതി. ഡിസംബർ 15ന് പ്രസിദ്ധീകരിക്കുന്ന പ്രഭാതധ്യാനം മാസത്തിൽ ഒന്ന് എന്ന ക്രമത്തിന് 12 സി.ഡികളിലായാണ് വിതരണം നടത്തുന്നത്.

എല്ലാ ദിവസവും പ്രഭാതത്തിൽ ഉപയോഗിക്കത്തക്കവിധമാണ് ധ്യാനപ്രസംഗങ്ങൾ ക്രമീകരിക്കുന്നത്. ജനുവരി മാസത്തിൽ ഉപയോഗിക്കാനുള്ള ഒന്നാമത്തെ സി.ഡിയിൽ 31 പ്രസംഗങ്ങൾ ഉണ്ടാകും. ഫെബ്രുവരിയിലെ സി.ഡിയിൽ 29, മാർച്ചിലെ സി.ഡിയിൽ 31 എന്നിങ്ങനെ ദിവസങ്ങളുടെ എണ്ണത്തിന് അനുസരിച്ച് പ്രസംഗങ്ങൾ ക്രമീകരിക്കുന്നു.

ഒരു സ്തോത്രഗീതത്തിനുശേഷം ഏതെങ്കിലും ഒരു വേദഭാഗം വായിക്കും. ആ ഭാഗത്തെ ആസ്പദമാക്കി ഒരു ചെറിയ പ്രസംഗം നടത്തും. ഒടുവിൽ പ്രാർത്ഥിച്ച് അവസാനിപ്പിക്കും. എല്ലാം കൂടി 15-20 മിനിട്ട് ദൈർഘ്യം ഉണ്ടാകും. ‘‘സുപ്രഭാതം’’ എന്ന പേരിൽ ആയിരിക്കും ഈ സി.ഡികൾ അറിയപ്പെടുക. ആകെ 12 സി.ഡികൾ ഉണ്ടാകും. (ടി.എസ്. ബാലൻ എന്ന ഈയുള്ളവൻ ജീവനോടെ ഉള്ളിടത്തോളം കാലം സുപ്രഭാതം സി.ഡികൾ എല്ലാ വർഷവും പുറത്തിറക്കുന്നതാണ്.) 2008ലെ 12 സി.ഡികളുടെ വില: 1200 രൂപ. ഇപ്പോൾ പണം നൽകുന്നവർ 850 രൂപ തന്നാൽ മതിയാകും.

പ്രസംഗങ്ങളും പ്രഭാതധ്യാനവും ഒന്നിച്ച് ബുക്ക് ചെയ്യുന്നവർ 750+850=1600ന് പകരം 1500 രൂപ നൽകിയാൽ മതിയാകും. 2200 രൂപ മുഖവിലയുള്ള സി.ഡികൾ ലഭിക്കാൻ ഇപ്പോൾ 1500 രൂപ നൽകിയാൽ മതിയാകും എന്ന് ചുരുക്കം. പ്രസംഗ സി.ഡികൾ ആഗസ്റ്റിലും സുപ്രഭാതം സി.ഡികൾ ഡിസംബർ 31ന് മുൻപും നിങ്ങളുടെ വിലാസത്തിൽ ലഭിക്കുന്നതാണ്.

സുപ്രഭാതം സി.ഡികളിലെ പ്രഭാതധ്യാനം ഇന്റർനെറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നു ദിവസത്തെ പ്രസംഗങ്ങൾ വീതം ആയിരിക്കും ഇന്റർനെറ്റിൽ ലഭ്യമാകുക. ഇന്റർനെറ്റിൽ ഈ പ്രസംഗം കേൾക്കുന്നതിന് എനിക്ക് പണം നൽകേണ്ടതില്ല. എന്നാൽ എല്ലാ ദിവസവും 20 മിനിട്ട് സമയം ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് ഇന്ത്യയിലെ നിരക്ക് കണക്കാക്കിയാൽ ഏകദേശം 2000 രൂപ ചെലവാകും. അതുകൊണ്ട് ഇന്ത്യയിലുള്ളവർ സി.ഡികൾ വാങ്ങുന്നതാണ് ആദായകരം.

# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| **C.D. 1 -** അടിസ്ഥാന വേദോപദേശങ്ങൾ | **C.D. 2 -** കൾട്ടുകൾ | **C.D. 3 -** ആത്മലോകം | **C.D. 4 -** ദുരുപദേശങ്ങൾ | **C.D. 5 -** ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |
| **C.D. 6 -** വ്യാഖ്യാനശാസ്ത്രം | **C.D. 7 -** ഭാവികാലശാസ്ത്രം | **C.D. 8 -** ബൈബിളിൽ തെറ്റുണ്ടോ? | **C.D. 9 -** ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | **C.D. 10 -** ധാർമ്മിക പ്രശ്നങ്ങൾ |
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 **ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

*വില: (ഇന്ത്യയിൽ) ഒരു സി.ഡി –* 100 *രൂപ.* 10 *സി.ഡികളുടെ സെറ്റ് –* 900 *രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്.* 10 *സി.ഡികൾ –* US$ 50 or Rs.2000/-. *പോസ്റ്റേജ് സൗജന്യം. യു.എ.ഇ., ബഹ്റിൻ, സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്* tsbalan@yahoo.com *എന്ന ഈമെയിലിൽ ബന്ധപ്പെടുക. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ* 900 *രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.*

**DVD *ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.***

*വില* T.S.Balan *എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.*

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan